# ദി ഡിഫെൻഡർ

Vol. No. 13 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2010 January 1 Price: Rs.100/- P.A.

## വ്യാജവാർത്ത പരത്തൽ: മോഷണായിക്ക് അനുതാപമില്ല

ഗ്രഹാം സ്റ്റെയിൻസിന്റെ ഘാതകനായ ധാരാസിംഗ് വിശ്വാസസ്നാനം സ്വീകരിച്ചു എന്നു വ്യാജവാർത്ത പ്രസിദ്ധീകരിച്ച മോഷണായി തനിക്കു തെറ്റു പറ്റിയെന്നു സമ്മതിക്കാൻ പോലുമുള്ള മാന്യത കാണിക്കുന്നില്ല. അങ്ങനെ മോനായി എല്ലാ പെന്തക്കോസ്ത് പത്രപ്രവർത്തകർക്കും അപമാനം വരുത്തി വച്ചിരിക്കുകയാണ്.



വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനു മുൻപ് അവ സത്യമാണെന്ന് ഉറപ്പിക്കാൻ വേണ്ടതെല്ലാം പത്രാധിപർ ചെയ്യേണ്ടതാണ്. പക്ഷേ എത്ര ശ്രദ്ധിച്ചാലും അബദ്ധം പറ്റിയെന്നുവരാം. അങ്ങനെ സംഭവിക്കുമ്പോൾ പത്രാധിപർ നിരുപാധികം ക്ഷമ പറയുകയാണു ചെയ്യുക. പത്രത്തിൽ ഉണ്ടാകുന്ന അച്ചടിപ്പിശകിനുപോലും തിരുത്തു പ്രസിദ്ധീകരിക്കുകയും ഖേദം പ്രകടിപ്പിക്കയും ചെയ്യും. അന്തസ്സും അഭിമാനവുമുള്ള പത്രാധിപൻമാർ ഇങ്ങനെയൊക്കെയാണു ചെയ്യുക. പക്ഷേ മോനായി ഈ കൂട്ടത്തിലുള്ള ആളല്ല. മാന്യത എന്നാൽ എന്തെന്നു മോനായിക്ക് അറിഞ്ഞുകൂടാ.

ധാരാസിംഗ് സ്നാനപ്പെട്ടു എന്ന വാർത്ത മോനായിയുടെ പത്രത്തിന്റെ നവംബർ ലക്കത്തിൽ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചിരുന്നു. സത്യത്തിന്റെ കണികപോലും ഇല്ലാത്ത ഈ വാർത്ത ഡിസംബർ ലക്കത്തിൽ പിൻവലിച്ച് ഒന്നാം പേജിൽ തന്നെ ക്ഷമാപണക്കുറിപ്പു പ്രസിദ്ധീകരിക്കുമെന്നാണു പ്രതീക്ഷിച്ചിരുന്നതെങ്കിലും ഈ വിഷയത്തേക്കുറിച്ചു മോഷണായി മിണ്ടിയതുപോലുമില്ല. ഇവനേപ്പോലുള്ള കള്ളൻമാർ പെന്തക്കോസ്ത് പത്രപ്രവർത്തന രംഗത്തു വന്നതിൽ ദു:ഖിക്കയേ നിവൃത്തിയുള്ളൂ.

മാന്യൻമാരായ ആളുകൾ എഴുതിയ പുസ്തകത്തിൽ നിന്നു ലേഖനങ്ങളും കുറിപ്പുകളും എടുത്തു സ്വന്തം പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ഇവരെല്ലാം തന്റെ പത്രത്തിലെ എഴുത്തുകാരാണെന്നു വരുത്തി തീർക്കുകയുമാണു മോനായി ചെയ്യുന്നത്. മോനായിയുടെ പത്രത്തിൽ കാണുന്ന ഭൂരിപക്ഷം ലേഖനങ്ങളും കുറിപ്പുകളും ഇങ്ങനെയുള്ളവയാണ്. ഇവ മോനായിയുടെ പത്രത്തിൽ പ്രസിദ്ധീകരിച്ച വിവരം മിക്ക എഴുത്തുകാരും അറിയാറേയില്ല. അറിഞ്ഞാൽ അവർ പ്രതികരിക്കുകയുമില്ല. കാരണം, അവർക്കു തങ്ങളുടെ മാന്യത കാത്തുസൂക്ഷിച്ചേ മതിയാകൂ. അവരുടെ ഈ ദൗർബ്ബല്യം മുതലെടുത്താണു മോനായി ഷൈൻ ചെയ്യുന്നത്. പക്ഷേ ധാരാസിംഗ് സ്നാനപ്പെട്ടു എന്ന വാർത്ത ഒരന്വേഷണവും കൂടാതെ ഒന്നാം പേജിലെ തലക്കെട്ടാക്കിയ മോനായി ശരിക്കും നാറി.



### പകൽക്കാലം

പുതുവർഷത്തിൽ **കിലുങ്ങാത്ത** സ്തോത്രക്കാഴ്ചയിടുമെന്ന തീരുമാനം വേഗം എല്ലാവരും എഴുന്നേറ്റെടുത്താട്ടെ....





## കെ. എം. ജോസഫ് വെട്ടിലായി

കെ.എം.ജോസഫ് വീണ്ടും രണ്ടുംകെട്ട കളി കളിക്കുന്നു. ഡിസംബർ 22ന് നടന്ന സ്റ്റേറ്റ് പ്രസ്ബിറ്ററി യോഗത്തിൽ ഈ ചങ്ങാതി ഉരുണ്ടു കളിക്കുകയും ഞഞ്ഞാപിഞ്ഞാ പറഞ്ഞു രക്ഷപ്പെടാൻ വിഫല ശ്രമം നടത്തുകയും ചെയ്തു. പക്ഷേ പ്രസ്ബിറ്ററി അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയാതെ കെ.എം.ജോസഫ് ശരിക്കു ചക്രശ്വാസം വലിച്ചു.



റ്റി.എസ്.ഏബ്രഹാം, കെ.എം.ജോസഫ് എന്നിവരെ പ്രതികളാക്കി പീച്ചിയിലെ ദാനിയേൽ നൽകിയിട്ടുള്ള മാനനഷ്ടക്കേസ്സ് സ്റ്റേറ്റ് കൗൺസിലറിയാതെ പിൻവലിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായാണു സ്റ്റേറ്റ് പ്രസ്ബിറ്ററി വിളിച്ചുകൂട്ടിയത്. അതു നടന്നില്ലെന്നു മാത്രമല്ല കെ.എം.ജോസഫ് പുലിവാലു പിടിക്കുകയും ചെയ്തു. സ്റ്റേറ്റ് പ്രസിഡന്റിന്റെ ഔദ്യോഗിക സീൽ മോഷണം പോയിരുന്നോ എന്നു വ്യക്തമാക്കണം എന്നു ചില അംഗങ്ങൾ ആവശ്യപ്പെട്ടതോടെയാണ് കെ.എം.ജോസഫ് വെട്ടിലായത്. സീൽ നഷ്ടപ്പെട്ടിരുന്നു എന്നു മറുപടി പറഞ്ഞാൽ അനുബന്ധമായി നിരവധി ചോദ്യങ്ങളുണ്ടാകും. ഇല്ലാത്ത അലമാരയിൽ എങ്ങനെ സീൽ സൂക്ഷിച്ചു, ഇല്ലാത്ത അലമാര എങ്ങനെ കുത്തിത്തുറന്നു സീൽ മോഷ്ടിച്ചു, സീൽ എങ്ങനെ മടക്കി ലഭിച്ചു, എപ്പോൾ ലഭിച്ചു, സീൽ മോഷണം പോയിരുന്ന കാലത്ത് കെ.എം. ജോസഫ് ഒപ്പിട്ട കടലാസ്സുകളിൽ പതിച്ച സീൽ ഏത് തുടങ്ങിയ ചോദ്യങ്ങൾക്കാകും കെ.എം. ജോസഫ് ഉത്തരം പറയേണ്ടതായി വരുക. അതുകൊണ്ട് കെ.എം.ജോസഫ് സത്യം സത്യമായി പറഞ്ഞു: ''സീൽ മോഷണം പോയിരുന്നില്ല. സീൽ മോഷണം പോയി എന്ന് ആരോപിച്ചു താൻ കേസ്സ് കൊടുത്തിട്ടുമില്ല.'' അങ്ങനെയെങ്കിൽ പോലീസിന്റെ കൈവശമുള്ള പരാതി ആരാണു കൊടുത്തത് എന്നായി ചോദ്യം. ഈ ചോദ്യത്തിന് കെ.എം.ജോസഫ് വിചിത്രമായ ഒരു മറുപടിയാണു പറഞ്ഞത്: ''തിരുവല്ലയിൽ വച്ച് ചിലർ തന്ന കടലാസ്സുകളിൽ താൻ ഒപ്പിടുകയാണുണ്ടായത്. ആ കടലാസ്സുകളിൽ എന്താണ് എഴുതിയിരുന്നതെന്ന് അറിഞ്ഞുകൂടാ.'' (ബലേ ഭേഷ്.)

ഐ.പി.സിയുടെ നേതൃസ്ഥാനത്തിരിക്കാൻ എന്തുകൊണ്ടും യോഗ്യനാണ് ഈ ചങ്ങാതി എന്നു വ്യക്തം. ''സാത്താനാണ് ഐ.പി.സിയുടെ ദൈവം'' എന്ന് എഴുതി കൊടുത്താൽ അതിലും ഈ വിദ്വാൻ ഒപ്പിട്ടെന്നു വരും.

ഇത്രയുമായപ്പോൾ മറ്റൊരാവശ്യവും ഉയർന്നുവന്നു. സാംകുട്ടി ജോണിനെതിരെ നടപടി എടുക്കാൻ പ്രസ്ബിറ്ററി തീരുമാനിച്ചിട്ടില്ലെന്നും ഫിലിപ്പ് പി. തോമസ് പ്രസ്ബിറ്ററിയുടെ അറിവും സമ്മതവും കൂടാതെ സാംകുട്ടി ജോണിനു കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുകയാണുണ്ടായതെന്നും കെ.എം. ജോസഫ് കോടതിയിൽ എഴുതി കൊടുത്തതുകൊണ്ടാണ് സാംകുട്ടി ജോണിനു കോടതിയിൽ നിന്ന് അനായാസം സ്റ്റേ കിട്ടിയത്. കെ.എം.ജോസഫിന്റെ ഈ മറുപടി കോടതിയിൽ നിലനിൽക്കുന്നിടത്തോളം കാലം സാംകുട്ടി ജോണിനെതിരെ നടപടിയെടുക്കാൻ സഭാനേതൃത്വത്തിനു കഴിയുന്നതല്ല. അതുകൊണ്ട് കെ.എം. ജോസഫ് ഈ സത്യവാങ്മൂലം പിൻവലിക്കണം, പ്രസ്ബിറ്ററി അംഗങ്ങൾ ആവശ്യപ്പെട്ടു. ''ആലോചിച്ചു മറുപടി പറയാം'' എന്നു കെ.എം. ജോസഫ് വാക്കു പറഞ്ഞിട്ടുമുണ്ട്. (നട്ടെല്ലില്ലാത്ത ഈ അത്ഭുതജീവിയെ പിടിച്ചു പ്രസിഡന്റാക്കിയവരാണ് ഇതിനൊക്കെ മറുപടി പറയേണ്ടത്)

## വ്യാജൻമാർക്കെതിരെ പെന്തക്കോസ്ത് പത്രങ്ങൾ

പെന്തക്കോസ്തിലെ വ്യാജർക്കെതിരെ പത്രങ്ങൾ രംഗത്തെത്തിയിരിക്കുന്നു. ദേവസ്യ മുല്ലക്കര, കെ.എ.ഏബ്രഹാം, നസീലാ ബീവി എന്നിവരാണ് വിമർശനവിധേയരായിട്ടുള്ളത്. ഡിഫെൻഡർ മാത്രമാണ് അടുത്ത കാലം വരെ വ്യാജർക്കെതിരെ പ്രതികരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ക്രൈസ്തവചിന്ത, സ്വർഗ്ഗീയധ്വനി, ബിലീവേഴ്സ് ജേർണൽ എന്നീ പെന്തക്കോസ്ത് പത്രങ്ങളും രംഗത്തെത്തിയിരിക്കുന്നു. ആരുടേയും പേരെടുത്തു പറയാതെ മരുപ്പച്ചയും വ്യാജരെ വിമർശിച്ചിട്ടുണ്ട്.





ദേവസ്യ മുല്ലക്കരയുടെ വിശ്വാസം, പ്രസംഗം, പ്രവൃത്തി തുടങ്ങിയവയെയെല്ലാം ക്രൈസ്തവചിന്ത ഡിസംബർ ലക്കത്തിൽ വിമർശിക്കുന്നുണ്ട്. ജനുവരി ലക്കത്തിൽ ഇതിന്റെ തുടർച്ച ഉണ്ടാകുമെന്നും അറിയുന്നു. മുല്ലക്കരയുടെ സ്നാനത്തെയാണ് സ്വർഗ്ഗീയധ്വനി ചോദ്യം ചെയ്യുന്നത്. തന്നെ സ്നാനപ്പെടുത്തിയതു ദിനകരനാണ് എന്നത്രേ മുല്ലക്കര അവകാശപ്പെടുന്നത്. പക്ഷേ സി.എസ്.ഐക്കാരനായ ദിനകരൻ വിശ്വാസസ്നാനം നൽകുന്നുണ്ടോ, പൗരോഹിത്യം നിലനിൽക്കുന്ന സി.എസ്.ഐ സഭയിലെ അംഗമായ ദിനകരൻ സ്നാനം നൽകുന്നതു സി.എസ്.ഐ. സഭ അംഗീകരിക്കുമോ, ദിനകരൻ സ്നാനപ്പെടുത്തി എന്നു മുല്ലക്കര അവകാശപ്പെടുന്ന സമയത്ത് ദിനകരൻ രോഗബാധിതനായിരുന്നതിനാൽ സ്നാനം നൽകിയതെങ്ങനെ തുടങ്ങിയ സംശയങ്ങളാണു സ്വർഗ്ഗീയധ്വനി ഉന്നയിക്കുന്നത്. ഈ സംശയങ്ങൾക്കൊന്നും മുല്ലക്കര തൃപ്തികരമായ മറുപടി പറഞ്ഞതുമില്ല. മുല്ലക്കരയ്ക്ക് എന്തൊക്കെയോ ഒളിക്കാനുണ്ടെന്നു വ്യക്തം.

ബിലീവേഴ്സ് ജേർണൽ മുല്ലക്കരയെ മാത്രമല്ല, കെ.എ. ഏബ്രഹാം, നസീലാബീവി എന്നിവരേയും വിമർശിക്കുന്നു. കെട്ടുകഥകളും വിലകുറഞ്ഞ ഫലിതങ്ങളും ദുർവ്യാഖ്യാനങ്ങളും കൊണ്ട് ജനവഞ്ചന നടത്തുന്ന വ്യക്തി എന്ന നിലക്കാണു കെ.എ.ഏബ്രഹാമിനെ ജേർണൽ വിമർശിക്കുന്നത്. ദേശീയപതാക, ഇന്ത്യൻ കറൻസിനോട്ട് തുടങ്ങിയവയ്ക്കു കെ.എ.ഏബ്രഹാം നൽകിയ ദുർവ്യാഖ്യാനങ്ങളും ജേർണൽ ഗൗരവമായെടുക്കുന്നു. പാഞ്ചാലിപ്രസംഗവും ജേർണലിന്റെ വിമർശനത്തിനു കാരണമാകുന്നു.

മുല്ലക്കര നടത്തുന്ന രോഗശാന്തി തട്ടിപ്പിനെതിരെയാണു ജേർണൽ പ്രതികരിക്കുന്നത്. മാറാരോഗങ്ങൾ സൗഖ്യമാക്കുന്ന മുല്ലക്കര മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ഉണ്ടാക്കാൻ പണം പിരിക്കുന്നതു വിരോധാഭാസമാണെന്ന വസ്തുത ജേർണൽ മറച്ചു വയ്ക്കുന്നില്ല.

നട്ടാൽ കുരുക്കാത്ത കള്ളം അനുഭവസാക്ഷ്യമെന്ന നിലയിൽ പറയുന്ന വ്യക്തി എന്ന നിലയ്ക്കാണ് നസീല ജേർണലിന്റെ വിമർശനത്തിനിരയാകുന്നത്. മരുപ്പച്ച ദ്വൈവാരികയും നസീലക്കെതിരെ, പേരെടുത്തു പറയാതെ, പ്രതികരിക്കുന്നുണ്ട്.

പെന്തക്കോസ്ത് പത്രങ്ങൾക്കുണ്ടായിരിക്കുന്ന ഈ മാറ്റത്തിൽ ഡിഫെൻഡർ ഏറെ സന്തോഷിക്കുന്നു. പത്തു വർഷം മുൻപു മരുപ്പച്ചയും ഹാലേലൂയ്യായും സുരേഷ് ബാബു എന്ന വ്യാജനെതിരെ പ്രതികരിച്ചു. അതു വളരെ ഗുണം ചെയ്യുകയുമുണ്ടായി. പക്ഷേ എന്തോ ദുരൂഹമായ കാരണത്താൽ ഈ പത്രങ്ങൾ പിന്നീടു നിശബ്ദത പാലിച്ചു. അതിനുശേഷം ഡിഫെൻഡർ മാത്രമാണ് പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ രംഗത്തുണ്ടായിരുന്നത്.

ഇപ്പോഴിതാ സ്ഥിതി മാറുന്നു. വ്യാജൻമാരെ ഇങ്ങനെ വിളയാടാൻ വിട്ടാൽ പെന്തക്കോസ്തിന്റെ അടിത്തറയിളകും എന്ന വസ്തുത മറ്റു പത്രങ്ങളും തിരിച്ചറിയുന്നു. ഇപ്പോൾ മൗനമായിരിക്കുന്ന പത്രങ്ങൾ കൂടി സത്യം പറയാൻ ധൈര്യം കാണിച്ചാൽ പെന്തക്കോസ്തിലെ വ്യാജൻമാരുടെ കഞ്ഞികുടി മുട്ടും.

ദി ഡിഫെൻഡർ

Vol. No.13 Issue No.1 2010 January 1

# വെള്ളമില്ലാത്ത മേഘങ്ങൾ

ദാഹജലത്തിനായി കാത്തിരിക്കുന്നവർക്ക് മേഘങ്ങൾ പ്രതീക്ഷ നൽകുന്നു. ഏറെ താമസിയാതെ മഴയുണ്ടാകുമെന്നും അതോടെ തങ്ങളുടെ ദാഹം തീരുമെന്നും മറ്റും അവർ കരുതുന്നു. പക്ഷേ മേഘങ്ങൾ മഴയായി പൊഴിയുന്നില്ലെങ്കിൽ എന്തു പ്രയോജനം? വന്ധ്യമേഘങ്ങൾ ആർക്കും ഒരു ഗുണവും ചെയ്യുന്നില്ല. വ്യാജമോഹങ്ങൾ നൽകി ഏവരേയും വഞ്ചിച്ച ശേഷം അവ അന്തരീക്ഷത്തിൽ അലിഞ്ഞുചേരും.

ദൈവസഭയിൽ കടന്നുകൂടാറുള്ള വ്യാജ ശുശ്രൂഷകരെ ദൈവദാസനായ യൂദാ വന്ധ്യമേഘങ്ങളോട് ഉപമിക്കുന്നുണ്ട്. ഇവർ ജനങ്ങൾക്കു പ്രതീക്ഷകൾ നൽകുമെങ്കിലും അതൊക്കെ വ്യാജമായിരിക്കും. അനുഗ്രഹത്തിനായി കാത്തിരിക്കുന്നവർ ഒടുവിൽ നിരാശരായി മടങ്ങും. ഇന്നത്തെ കൺവൻഷൻ പ്രസംഗകരിൽ ഭൂരിപക്ഷവും ഈ തരത്തിൽ പെട്ടവരാണെന്ന സത്യം മറച്ചു വച്ചിട്ടു കാര്യമില്ല.

'ഇന്ന് ഇവിടെ ദൈവപ്രവൃത്തി വെളിപ്പെടാൻ പോകുകയാണ്, ചില അത്ഭുതങ്ങൾ ഇവിടെ നടക്കും' എന്നൊക്കെ ഘോഷിച്ചുകൊണ്ടാകും പ്രസംഗകൻ ആരംഭിക്കുക. ഉടൻ ചിലതൊക്കെ നടക്കുമെന്ന് ഇടയ്ക്കൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ യോഗം കഴിയുന്നതുവരെ ഒന്നും നടക്കുകയില്ല. തെരുവോരങ്ങളിൽ മാജിക് കാണിച്ച് ഉപജീവനം കഴിക്കുന്നവർ ഇറക്കുന്ന ഒരു നമ്പരാണിത്. ഇതാ കീരിയും പാമ്പും തമ്മിൽ കടിച്ചു കീറാൻ പോകുന്നു എന്നു പറഞ്ഞ് ആളെ കൂട്ടം. കീരിയും പാമ്പും അക്ഷമരായി വട്ടം കറങ്ങുന്നുമുണ്ടാകും. പക്ഷേ ജനം കൂടിക്കഴിയുമ്പോൾ മാജിക്കുകാരൻ വിഷയം മാറ്റും. പറഞ്ഞുപറഞ്ഞ് ഏതെങ്കിലും മരുന്നിൽ എത്തും. വിശേഷിച്ച് ഒരു ഗുണവുമില്ലാത്ത ആ മരുന്ന് വിൽക്കുന്നതോടെ എല്ലാം കഴിഞ്ഞു. ജനം കീരിയുടെയും പാമ്പിന്റേയും കാര്യം മറന്നിട്ട് മരുന്നുമായി തിരിച്ചുപോകും. പെന്തക്കോസ്ത് കൺവൻഷനുകളിലും ഇതൊക്കെയാണ് ഇപ്പോൾ നടക്കുന്നത്.

വിശേഷിച്ച് ഒരു പ്രസംഗവിഷയവുമില്ലാതാണു ഭൂരിപക്ഷം പ്രസംഗകരും സ്റ്റേജിലെത്തുന്നത്. ഏതെങ്കിലും ഒരു വാക്യം വായിച്ചശേഷം അതുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളിലേക്കു കടക്കും. കുറെ കിഴവിക്കഥകളും മിമിക്രിക്കാരുടെ തമാശകളും മറ്റും പറഞ്ഞ് വിവരദോഷികളുടെ കൈയ്യടിവാങ്ങും. നാഴികയ്ക്കും നാല്പതുവട്ടം ഹാലേലൂയ്യായും സ്തോത്രവും ഗ്ലോറിയും അമേനും പറയും. ജനത്തെ ഇളക്കുകയാണു മുഖ്യ പരിപാടി. ഇതാ വരുന്നൂ അനുഗ്രഹം എന്നു കേൾക്കുന്നതോടെ ജനം ഇളകുകയും ചെയ്യും. വ്യാജ പ്രതീക്ഷകൾ നൽകുന്ന ഈ വന്ധ്യമേഘങ്ങളെ തിരിച്ചറിഞ്ഞ് ഒഴിവാക്കാൻ ദൈവജനത്തിനു കഴിയുന്നുമില്ല.

# സത്യം സത്യമായി

ഇതു ഭീകരരുടെ കഷ്ടകാലമാണ്. ചെറുതും വലുതുമായ ഭീകരർ പോലീസിന്റെ പിടിയിലാകുന്നു. മാധ്യമങ്ങൾ ഇതൊക്കെ ആഘോഷിക്കുന്നു. ഏറെ കൊട്ടിഘോഷിച്ചു സൂഫിയയെ അറസ്റ്റ് ചെയ്തു. പക്ഷേ അറസ്റ്റിനു ശേഷം പോലീസ് അടങ്ങി, അതായത് അടക്കി. ഒടുവിൽ സൂഫിയ ജാമ്യത്തിലിറങ്ങി. കാര്യങ്ങളൊക്കെ പ്രതീക്ഷിച്ചതുപോലെ നടക്കുന്നു എന്നു കരുതിയിരുന്നപ്പോഴാണ് കേന്ദ്രം ഇടപെട്ടത്. ബസ്സ് കത്തിക്കൽ കേസ്സും മറ്റും മുന്നറിയിപ്പു കൂടാതെ കേന്ദ്രം ഏറ്റെടുത്തു. ഇതെന്തു പരിപാടിയാണപ്പാ എന്ന് കേരളത്തിന്റെ ആഭ്യന്തരമന്ത്രി ചോദിച്ചതു സ്വാഭാവികം. കാര്യങ്ങളുടെ പോക്ക് ഇങ്ങനെയാണെങ്കിൽ ഇന്ത്യയുടെ ഫെഡറൽ സംവിധാനം തന്നെ തകരുമെന്നു പറയാനും മന്ത്രി മറന്നില്ല. ഭരണഘടനയോടുള്ള കൂറാണോ അതോ മറച്ചുപിടിക്കാൻ ശ്രമിച്ച സത്യങ്ങളൊക്കെ പുറത്താകുമെന്ന ഭയമാണോ ഈ നെടുവീർപ്പിന്റെ പിന്നിലുള്ളതെന്നു വ്യക്തമല്ല.

'ആണ്ട ബാധ കൊണ്ടേ പോകൂ' എന്ന സ്ഥിതിയിലാണ് തെലുങ്കാന പ്രശ്നം. അത്ര ചക്കീമല്ല, അത്ര കണ്ടനുമല്ല എന്ന സ്ഥിതിയിൽ നിൽക്കുകയാണു കേന്ദ്രം. തെലുങ്കാന ഉണ്ടാക്കാൻ പറ്റില്ല എന്നു പറഞ്ഞാൽ ആന്ധ്രാ കത്തും. ഉണ്ടാക്കാമെന്നു പറഞ്ഞാൽ മറുപക്ഷം ഉറഞ്ഞുതുള്ളും. സമാനമായ ആവശ്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉയരുന്നുണ്ട്. ഗുർഖകൾ കുക്രിയുമൂരി നിൽക്കുന്നു. മരണം വരെ നിരാഹാരം കിടക്കുമെന്നു ഭീഷണി മുഴക്കുന്നു. ഒരു സംസ്ഥാന പുന:സംഘടനാ കമ്മീഷനെ നിയമിച്ച് തത്ക്കാലം തടിതപ്പാനാണ് കേന്ദ്രം പദ്ധതിയിടുന്നത്. പക്ഷേ അതുകൊണ്ടൊന്നും പ്രശ്നം തീരുന്ന മട്ടില്ല.

ഉണ്ണിത്താൻ അത്ര ഉണ്ണിയല്ലെന്നു തെളിഞ്ഞിരിക്കുന്നു. സേവാദൾ പ്രവർത്തകയുടെ സേവനം ഏതു വിധത്തിലുള്ളതാണെന്നും വ്യക്തമായി. ഏതായാലും കോൺഗ്രസ്സ് നേതൃത്വത്തിലുള്ളവർ പെന്തക്കോസ്ത് നേതാക്കളോളം നീചൻമാരല്ലാത്തതുകൊണ്ട് ഉണ്ണിത്താനെതിരെ ഉടൻ നടപടിയുണ്ടായി. വീരപുരുഷനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. അത്രയും നന്ന്.

അണ്ണാൻ മൂത്താലും മരംകയറ്റം നിർത്തുകയില്ലെന്ന് എൻ.ഡി.തീവാരി തെളിയിച്ചിരിക്കുന്നു. ആയ കാലത്ത് ഈ ചങ്ങാതി ഒന്നാംതരം കലാകാരനായിരുന്നു. ശതാഭിഷേകം കഴിഞ്ഞപ്പോഴെങ്കിലും ഡീസന്റാകുമെന്നു കരുതിയവർക്കു തെറ്റി. ആന്ധ്രയിലുള്ള ഒരു ഡിഫെൻഡർ സത്യം തുറന്നു പറഞ്ഞു. അതോടെ തീവാരി ശരിക്കു തീവാരേണ്ടതായിവന്നു. ഗവർണ്ണർ കസേരയിൽ തുടരുന്നത് ആരോഗ്യത്തിനു ഹാനികരമാകും എന്നു വ്യക്തമായതോടെ 'ആരോഗ്യ കാരണങ്ങളാൽ' രാജി വച്ചു.

ഉമ്മൻ ചാണ്ടി ആന്ധ്രയിലെ ഗവർണ്ണറാകുമോ? ആകുമെന്ന് ഒരു കിംവദന്തി പരന്നിട്ടുണ്ട്. പക്ഷേ കോൺഗ്രസ്സ് നേതൃത്വം ഇങ്ങനെയൊരു കാര്യം സ്വപ്നം പോലും കണ്ടിട്ടില്ലെന്നാണ് ഉമ്മൻ ചാണ്ടി പറയുന്നത്. ഗവർണ്ണറാകാൻ കോട്ടും തയ്പ്പിച്ച് ഇവിടെ ഒരു മൂപ്പിലാൻ ഇരിക്കാൻ തുടങ്ങിയിട്ടു കാലം കുറെ ആയി. ആരും ആ പുംഗവന്റെ പേരുപോലും പറയുന്നില്ല. കിംഗ്മേക്കറെ കുറഞ്ഞപക്ഷം ഒരു ഗവർണ്ണറെങ്കിലും ആക്കേണ്ടതല്ലേ.

കോൺഗ്രസ്സിൽ ഇനി ഗ്രൂപ്പുകളി വച്ചു പൊറുപ്പിക്കാനാവില്ല എന്നു ലീഡർജി പ്രഖ്യാപിച്ചിരിക്കുന്നു. ഈ ബുദ്ധി പത്തു വർഷം മുൻപെങ്കിലും തോന്നിയിരുന്നെങ്കിൽ കേരളത്തിന്റെ ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ. പക്ഷേ ഒരു സംശയം: പുത്രൻജി കോൺഗ്രസ്സിൽ കയറിപ്പറ്റി കഴിഞ്ഞശേഷവും ഈ ആദർശത്തിൽ പിതാശ്രീ ഉറച്ചു നിൽക്കുമോ? അതോ പുത്രനു കസേര തരപ്പെടുത്താൻ പഴയ കളി വീണ്ടും പുറത്തെടുക്കുമോ?

ഇമ്മിണി ലോകപരിചയമുണ്ടായിപ്പോയതുമൂലം കഷ്ടപ്പെടുന്ന കോടീശ്വരനാണു ശശി തരൂർ. മന്ത്രിമാർക്കു കൂട്ടുത്തരവാദിത്വമുണ്ടെന്നും സർക്കാരിന്റെ നയത്തിനെതിരായി മന്ത്രിമാർ പരസ്യപ്രസ്താവനകൾ നടത്തരുതെന്നും മറ്റുമുള്ള അല്ലറചില്ലറ വിഷയങ്ങളൊന്നും ഈ ലോകപൗരനു മനസ്സിലായിട്ടില്ല. അതുകൊണ്ടാണ് സ്വന്തം അഭിപ്രായങ്ങൾ സോഷ്യൽ സൈറ്റുകളിലൂടെ തുറന്നടിച്ച് തരൂർ പുലിവാലു പിടിക്കുന്നത്. നായർ പിടിച്ച പുലിവാല് എന്നൊരു ചെല്ലുണ്ട്. അതേ പേരിൽ ഒരു സിനിമയുമുണ്ട്. പക്ഷേ ഡൽഹി നായർ പിടിച്ച പുലിവാല് എന്നൊരു പുതിയ ചൊല്ല് ആസന്ന ഭാവിയിൽ ഉണ്ടാകാനിടയുണ്ട്.

ചവർ ചാനൽ സമുദായക്കാരെ വെല്ലുന്ന വിധത്തിൽ ക്രിസ്തുമസ്സ് ആഘോഷിച്ചു എന്നു കാണുന്നതിൽ സന്തോഷം. ഈസ്റ്ററും ഓണവും വിഷുവും വലിയ പെരുന്നാളും ചെറിയ പെരുന്നാളും ഒക്കെ ഭാവിയിൽ ആഘോഷിക്കുമെന്നും പ്രതീക്ഷിക്കാം. അങ്ങനെ ചവർ അതിന്റെ നാമം അന്വർത്ഥമാക്കട്ടെ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കുകയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കുകയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും ചെയ്യുന്നു. ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്ന് കഴിഞ്ഞു ഭയം കൂടാതെ നിങ്ങളെത്തന്നെ തീറ്റുന്നവർ; കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; തങ്ങളുടെ നാണക്കേട് നുരച്ചുതള്ളുന്ന കൊടിയ കടൽത്തിരകൾ; സദാകാലത്തേക്കും അന്ധതമസ്സ് സൂക്ഷിച്ചുവച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നേ. യൂദാ.11-13.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**OR www.tsbalan.org**

**വ്യാജൻമാരെ തിരിച്ചറിയുക: http://fraud.name**

<u>ബൈബിൾ റേഡിയോ</u>

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**
റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# കെ.ജെ.ജോർജ് രാജിവയ്ക്കണം



അബുദാബിയിലുള്ള അസംബ്ലി ഓഫ് ഗോഡ് സഭയുടെ പാസ്റ്ററായ കെ.ജെ.ജോർജ് പാസ്റ്ററായിരിക്കാൻ യോഗ്യനല്ല എന്നു ഡിഫൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് കെ.ജെ. ജോർജ് പാസ്റ്റർ പദവി രാജി വയ്ക്കണമെന്നു ഡിഫെൻഡർ ആവശ്യപ്പെടുന്നു.

കെ.ജെ.ജോർജ് പാസ്റ്ററായിരിക്കാൻ യോഗ്യനല്ല എന്നു ഡിഫെൻഡറിനു ബോദ്ധ്യമായ ഉടൻ തന്നെ ഒരു ഈമെയിൽ കെ.ജെ.ജോർജിന് അയച്ചിരുന്നു. ഡിസംബർ 25ന് അകമായി രാജി വച്ചാൽ സീക്രട്സൊക്കെ മാലോകർ അറിയുന്നത് ഒഴിവാക്കാം എന്നായിരുന്നു ഈമെയിലിൽ എഴുതിയിരുന്നത്. പക്ഷേ രാജി വയ്ക്കാൻ കെ.ജെ.ജോർജ് തയ്യാറായില്ല. അതുകൊണ്ട് ഇപ്പോൾ ഈ ആവശ്യം പരസ്യമായി ഉന്നയിക്കുകയാണ്. ജനുവരി 10ന് അകമായി കെ.ജെ.ജോർജ് പാസ്റ്റർ സ്ഥാനത്തുനിന്നു രാജി വയ്ക്കുകയും ആ വിവരം ഡിഫെൻഡറിനെ അറിയിക്കുകയും ചെയ്താൽ നന്ന്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ജനുവരി 16ന് ഇറങ്ങുന്ന ഡിഫെൻഡറിൽ കെ.ജെ. ജോർജിനേക്കുറിച്ച് ലേഖനമുണ്ടാകും. പാസ്റ്ററായിരിക്കാൻ കെ.ജെ.ജോർജ് യോഗ്യനല്ലെന്നു ഡിഫെൻഡർ പറയാൻ കാരണമെന്ത് എന്നായിരിക്കും വിശദീകരിക്കുക. അത് ഒഴിവാക്കാനുള്ള ബുദ്ധി കെ.ജെ.ജോർജിനുണ്ടായാൽ നന്ന്.

# തോമ്മാച്ചൻ വീണ്ടും രംഗത്ത്



പരിശുദ്ധ തോമ്മാ വീണ്ടും കളത്തിൽ ഇറങ്ങിയിരിക്കുന്നു. പഴയതുപോലുള്ള ഉഷാറില്ല എന്നതു മാത്രമാണ് ഒരു പോരായ്മ. എങ്കിലും ജനത്തെ ഇളക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. പെന്തക്കോസ്തിലെ ഭൂരിപക്ഷം വരുന്ന കഴുതകൾ സാമാന്യം നല്ല തോതിൽ ഇളകുന്നുമുണ്ട്.

കുവൈറ്റിൽ വച്ചു കിട്ടിയ കൈവയ്പ്പിന്റെ ഏനക്കേട് ആയുർവ്വേദ ചികിത്സകളായ തിരുമ്മൽ, ഉഴിച്ചിൽ, പിഴിച്ചിൽ, ധാര, നസ്യം തുടങ്ങിയ പ്രയോഗങ്ങളിലൂടെ ഒട്ടൊക്കെ പരിഹരിച്ചുകഴിഞ്ഞു. ബാക്കിയുള്ളത് കാലക്രമത്തിൽ ശരിയാകും എന്ന പ്രതീക്ഷയിലുമാണ്. അതുകൊണ്ട് ഇനി കളത്തിലിറങ്ങാം എന്നാണ് തോമ്മായുടെ തീരുമാനം. ഡിഫെൻഡറിന്റെ ശല്യം മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്ന പ്രശ്നം. അത് അത്ര വേഗമൊന്നും പരിഹരിക്കാനാവാത്ത പ്രശ്നവുമാണ്. അതുകൊണ്ട് അവഗണിക്കാം.

പരമ നാ... നല്ലവനായ തോമ്മാച്ചാ, അവഗണനകൊണ്ടു ഡിഫെൻഡറിന്റെ ശല്യം ഒഴിവാക്കാനാവില്ല. തോമ്മാ, അവറാൻ തുടങ്ങിയ വ്യഭിചാരികളെയെല്ലാം പെന്തക്കോസ്തിൽ നിന്ന് ഔട്ടാക്കിയിട്ടേ ഡിഫെൻഡർ അടങ്ങൂ.



# ബഥേലിന്റെ പ്രവചനം അച്ചട്ടായി



അച്ചട്ടായ പ്രവചനം നടത്തുന്ന കാര്യത്തിൽ ബഥേലിനെ വെല്ലാൻ ആളില്ല. ഇതാ അത്തരമൊരു സംഭവം.

ബഥേലിന്റെ ചർച്ചിൽ അംഗങ്ങളായിരുന്ന ഒരു ഭാര്യയും ഭർത്താവുമാണ് കഥാപാത്രങ്ങൾ. ഒരു ദിവസം ബഥേൽ ഇവരുടെ വീട്ടിലെത്തുന്നു. ഭർത്താവിനോടു പറയാൻ ഒരു ദൂത് ദൈവം എല്പിച്ചതുകൊണ്ടാണത്രേ ബഥേൽ വന്നത്. ഭർത്താവു ഭാര്യയുമായി നിരന്തരം വഴക്കുണ്ടാക്കുന്നു, അതു നിർത്തണം. ഇതാണു ദൂത്. വഴക്കിന്റെ കാരണവും ബഥേലിനോടു ദൈവാത്മാവു പറഞ്ഞു: രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഫാനിടുന്നതു ഭർത്താവിനിഷ്ടമല്ല. പക്ഷേ ഭാര്യയ്ക്കു ഫാൻ കൂടിയേ കഴിയൂ. ഭാര്യ ഫാനിട്ടു കിടക്കും. ഭർത്താവ് ഉറങ്ങാതെ കിടക്കും. ഭാര്യ ഉറങ്ങി എന്നു ബോദ്ധ്യമാകുമ്പോൾ ഭർത്താവ് ഫാൻ ഓഫാക്കും. ഉണരുമ്പോൾ ഭാര്യ ഈ ചതി മനസ്സിലാക്കും. അങ്ങനെയാണു വഴക്കുണ്ടാകുന്നത്. ഭൂരിപക്ഷം ഭർത്താക്കൻമാരും ഇത്തരത്തിലുള്ള പ്രവചനം കേൾക്കുമ്പോൾ വണ്ടറടിച്ചു പോകും. പക്ഷേ ഈ ഭർത്താവ് അത്ര വലിയ കൊജ്ഞാണനായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം തുറന്നടിച്ചു: ''എന്തിനാ പാസ്റ്ററെ ഇങ്ങനെ ദൈവനാമത്തിൽ കള്ളപ്രവചനം നടത്തുന്നത്? ഈ സംഭവങ്ങളൊക്കെ എന്റെ ഭാര്യ പറഞ്ഞല്ലേ പാസ്റ്റററിഞ്ഞത്?'' ഈ ചോദ്യം കേട്ടതോടെ ബഥേലിനു നാവിറങ്ങിപ്പോയി. ബഥേൽ അച്ചട്ടായി പ്രവചിക്കുന്നതിന്റെ ഗുട്ടൻസ് പിടികിട്ടിയോ നാട്ടുകാരേ?

# ദുർമ്മാർഗ്ഗി വീണ്ടും കേരളത്തിൽ

കുപ്രസിദ്ധ ദുർന്നടപ്പുകാരനും ദുരുപദേശക്കാരനുമായ ക്യാപ്റ്റൻ ശാമുവൽ വീണ്ടും കേരളത്തിലെത്തുന്നു. ഈ നീചനെ സ്വീകരിക്കാനും ഇയാൾക്കു വേദിഒരുക്കാനും ചിലർ തയ്യാറായിട്ടുമുണ്ട്. പരസ്ത്രീകളുമായി അക്ഷരാർത്ഥത്തിലുള്ള ലൈംഗിക ബന്ധമൊഴികെ എന്തു ചെയ്താലും അതു പാപമാകുന്നില്ല എന്നാണ് ഇയാളുടെ പഠിപ്പിക്കൽ. ഒരുപറ്റം സ്ത്രീകളുമായാണ് ഇയാൾ നിരന്തരം സഞ്ചരിക്കുന്നതും. ദുർന്നടപ്പിനോടൊപ്പം കടുത്ത ദുരുപദേശങ്ങളും ഇയാൾ പഠിപ്പിക്കുന്നുണ്ട്. ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ ഇതേപ്പറ്റി വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ദൈവമക്കൾ സൂക്ഷിക്കുക, വഞ്ചിക്കപ്പെടരുത്.

# റോയിയുടെ കഥ കഴിഞ്ഞു



'റോയിയുടെ കഥ കഴിഞ്ഞു' എന്ന തലക്കെട്ടു കണ്ട് 'റോയി തട്ടിപ്പോയി' എന്ന് ആരും തെറ്റിദ്ധരിക്കരുതെന്ന് അപേക്ഷ. 'റോയി കഥയില്ലാത്തവനായി' എന്നു മാത്രമേ അർത്ഥമാക്കേണ്ടതുള്ളൂ. സാൻ ഹൊസേയിലെ ഓപ്പൺ ബൈബിൾ ചർച്ചിന്റെ പാസ്റ്റർ, ഭൂലോക സുവിശേഷകൻ എന്നീ നിലകളിൽ 'അധികതുംഗ പദത്തിൽ' ശോഭിച്ചിരുന്ന റോയി ഇപ്പോൾ 'വീണിതല്ലോ കിടക്കുന്നൂ ധരണിയിൽ' എന്ന സ്ഥിതിയിലായി എന്നു ചുരുക്കം.

അങ്ങേയറ്റത്തെ അഹങ്കാരമായിരുന്നു റോയിയുടെ മുഖമുദ്ര. എതിർക്കുന്നവരെ പരസ്യമായി അവഹേളിക്കും. നിർദ്ദയം തകർക്കും. വിശ്വാസികളെ ഞെക്കിപ്പിഴിയും. പണം ധൂർത്തടിക്കും. അത്യുഗ്രൻ സുവിശേഷകന്റെ വേഷത്തിൽ അമേരിക്കയിലും മറ്റു വിദേശ രാജ്യങ്ങളിലും ചുറ്റിക്കറങ്ങും. ഇതൊക്കെയായിരുന്നു സ്ഥിരം പരിപാടി.

ആരും ചോദ്യം ചെയ്യില്ല എന്ന ധൈര്യത്തിലാണ് റോയി സഭയുടെ പണമെടുത്തു ബഥനി അക്കാഡമിക്കു കൊടുത്തത്. ആ പണത്തിന്റെ പലിശപോലും മടക്കിക്കിട്ടില്ലെന്നു മാത്രമല്ല, സഭയുടെ പണം മോഷ്ടിച്ച നീചൻ എന്ന പേരും റോയിക്കു ചാർത്തിക്കിട്ടി. അതുകൊണ്ട് ഉലക പര്യടനം നടത്താനുള്ള പഴുതടഞ്ഞു. കേരള പര്യടനമല്ലാതെ അമേരിക്കൻ പര്യടനം പോലും നടത്താനാവാത്ത സ്ഥിതിയിലുമായി. സാൻ ഹൊസേയിലെ സഭയിൽ നിന്നു നിരവധി വിശ്വാസികൾ പിരിഞ്ഞു പോയി. അതോടെ വരുമാനവും കുറഞ്ഞു. സാൻ ഹൊസേയിലുള്ള എല്ലാ സഭകളും ഒന്നാക്കാൻ നടത്തിയ ശ്രമവും വിജയിച്ചില്ല. അങ്ങനെ റോയി ശരിക്കു തകർന്നിരിക്കുന്നു. അതുകൊണ്ട് ഈ ചങ്ങാതിയേക്കുറിച്ച് ഇനി ഏറെയൊന്നും എഴുതേണ്ട ആവശ്യമില്ല. കാരണം ഇയാളുടെ വിഷപ്പല്ലു കൊഴിഞ്ഞിരിക്കുന്നു. ആകയാൽ ഈ വിശുദ്ധൻ പുതിയ എന്തെങ്കിലും കലാകായിക വിനോദങ്ങളിൽ ഏർപ്പെടുന്നതുവരെ എഴുത്തു നിർത്തുകയാണ്. ശവത്തിൽ കുത്തുന്നതു ശരിയല്ലല്ലോ.

# മോഷണായിയുടെ കിത്താബ്ബുകൾ വാങ്ങാൻ ആളില്ല

മൂന്നു ഡസനോളം കിത്താബ്ബുകൾ മോഷണായി എഴുതിയിട്ടുണ്ട്. എഴുതി എന്നു പറഞ്ഞാൽ, വികലമായി കോപ്പിയടിച്ചു എന്നർത്ഥം. പൊതുജനമെന്ന കഴുത ഈ പുസ്തകങ്ങളെല്ലാം ആർത്തിയോടെ വാങ്ങി വായിക്കും എന്നായിരുന്നു മോനായിയുടെ പ്രതീക്ഷ. പക്ഷേ കണക്കുകൂട്ടൽ തെറ്റി. ആർക്കും വേണ്ടാതെ ഈ പുസ്തകങ്ങൾ കെട്ടിക്കിടക്കുകയാണ്. എഴുപതു ശതമാനം വരെ ഡിസ്ക്കൗണ്ട് കൊടുക്കാമെന്നു പറഞ്ഞിട്ടും മോനായിയുടെ പുസ്തകങ്ങൾ ആർക്കും വേണ്ട. അതുകൊണ്ട് കുമ്പനാടു കൺവൻഷനിൽ മോനായിയുടെ പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യാനാണു പദ്ധതി. മോനായിയുടെ കടയിൽ നിന്നു മറ്റുള്ളവരുടെ പുസ്തകങ്ങൾ വാങ്ങുന്നവർക്കു മോനായിയുടെ പുസ്തകങ്ങൾ സൗജന്യമായി ലഭിക്കും. അല്പം വിലപേശിയാൽ ചുമട്ടുകൂലിയും കിട്ടിയെന്നു വരാം.



# ഇണയല്ലാപ്പിണയുടെ കാണാപ്പുറങ്ങൾ

ഡിഫെൻഡറിന്റെ ഒരു വായനക്കാരൻ അയച്ചുതന്ന ഒരു കത്താണ് ഈ ലേഖനത്തിന് ആധാരം. ബൈബിൾ സൗജന്യമായി വിതരണം നടത്തുന്ന ഒരു സംഘടനയുടെ പ്രതിനിധി അദ്ദേഹത്തിന്റെ സഭയിലെത്തി. മാർത്തോമ്മാക്കാരനായ ഈ വ്യക്തിക്ക് സഭയിൽ പ്രസംഗിക്കാൻ പാസ്റ്റർ അനുവാദം കൊടുത്തു. താൻ ചെറു പ്രായത്തിൽ തന്നെ രക്ഷിക്കപ്പെട്ടവനാണെന്ന് അദ്ദേഹം വ്യക്തമാക്കി. നാം അനുഭവിക്കുന്ന രക്ഷയുടെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കണം. അതിനായിട്ടാണ് ബൈബിൾ സൗജന്യമായി വിതരണം ചെയ്യുന്നത്. അതുകൊണ്ട് ഈ പദ്ധതിക്ക് ദൈവമക്കൾ സാമ്പത്തിക സഹായം ചെയ്യണം. ഇതൊക്കെയാണ് അദ്ദേഹം പറഞ്ഞത്.

ഇതോടുള്ള ബന്ധത്തിൽ ഉയർന്നുവന്ന ചില സംശയങ്ങൾക്കു മറുപടി ലഭിക്കാനാണ് ഡിഫെൻഡറിന്റെ വായനക്കാരനായ സഹോദരൻ കത്തയച്ചത്. അദ്ദേഹം ഉന്നയിച്ച പ്രധാന ചോദ്യങ്ങൾക്കു മറുപടി പറയാം:

1. മാർത്തോമ്മാക്കാരനായ ഈ വ്യക്തി 13 വയസ്സുള്ളപ്പോൾ രക്ഷിക്കപ്പെട്ടു. ഇപ്പോൾ അറുപതിലധികം വയസ്സായി. നാളിതുവരെ വിശ്വാസസ്നാനം സ്വീകരിച്ചിട്ടില്ല. ഈ വ്യക്തിയെ രക്ഷിക്കപ്പെട്ടവനായി കണക്കാക്കാമോ?

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നു എന്നു ഭംഗിവാക്കു പറയാൻ കത്തോലിക്കർ ഉൾപ്പെടെയുള്ള ഏതു ക്രിസ്തുമതക്കാരനും കഴിയും. പക്ഷേ ഇങ്ങനെ പറയുന്നതുകൊണ്ട് ആരും രക്ഷിക്കപ്പെട്ടവരാകുന്നില്ല. വീണ്ടും ജനനം എന്ന സംഭവം ഇവിടെ നടക്കുന്നില്ല എന്നതുതന്നെ കാരണം. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയായി. പഴയതു കഴിഞ്ഞുപോയി. സകലതും പുതുതായിത്തീർന്നിരിക്കുന്നു. ഈ വിധത്തിൽ പുതിയ സൃഷ്ടിയായിത്തീർന്ന ഒരു വ്യക്തിക്ക് വീണ്ടും ജനനത്തിന്റെ ഉപദേശം പഠിപ്പിക്കാത്ത മാർത്തോമ്മാ സഭയിൽ തുടരാനാകില്ല. മാത്രമല്ല, രക്ഷിക്കപ്പെട്ട വ്യക്തിക്ക് വിശ്വാസസ്നാനം സ്വീകരിക്കാതെ നാലു പതിറ്റാണ്ടോളം ജീവിക്കാനുമാവില്ല. അതുകൊണ്ട് അദ്ദേഹം രക്ഷിക്കപ്പെട്ടവനല്ല, രക്ഷിക്കപ്പെട്ടു എന്നു ഭംഗിവാക്കു പറഞ്ഞു സ്വയം വഞ്ചിക്കുകയാണ്.

രക്ഷക്ക് സ്നാനം ആവശ്യമാണോ എന്നൊരു ചോദ്യം ഇവിടെ ഉണ്ടാകുന്നു. ദൈവത്തിന്റെ കൃപയാൽ, യേശുവിലുള്ള വിശ്വാസം മൂലമാണു രക്ഷ ലഭിക്കുന്നത്. അതിന് ഒരു വിധത്തിലുള്ള പ്രവൃത്തിയും കാരണമാകുന്നില്ല. എന്നാൽ സൽപ്രവൃത്തികൾക്കായി വീണ്ടും ജനിച്ചിരിക്കുന്ന വ്യക്തിയിൽ അതിനനുസൃതമായ പ്രവൃത്തിയുണ്ടാകും. അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ ആ വ്യക്തി വീണ്ടും ജനിച്ചവനല്ല, രക്ഷിക്കപ്പെട്ടവനല്ല.

സ്നാനപ്പെടുന്നതു രക്ഷിക്കപ്പെടാനല്ല രക്ഷിക്കപ്പെട്ടതുകൊണ്ടാണ്. വിശുദ്ധജീവിതം ചെയ്യുന്നതും പ്രാർത്ഥിക്കുന്നതും സുവിശേഷം അറിയിക്കുന്നതും ദൈവത്തെ ആരാധിക്കുന്നതും രക്ഷിക്കപ്പെടാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണ്. രക്ഷിക്കപ്പെട്ടു എന്നവകാശപ്പെടുന്ന വ്യക്തി വിശ്വാസസ്നാനം സ്വീകരിക്കുന്നില്ലെങ്കിൽ അയാൾ രക്ഷിക്കപ്പെട്ടവനല്ല എന്നു വ്യക്തം. അതുകൊണ്ടു ബൈബിൾ വിതരണത്തിനു വന്ന മാർത്തോമ്മാക്കാരനെ രക്ഷിക്കപ്പെട്ടവനായി പരിഗണിക്കേണ്ടതില്ല. അയാൾക്കു സഭയിൽ പ്രസംഗിക്കാൻ സമയം കൊടുത്തതു തെറ്റായിപ്പോയി.

2. കൃപയാൽ വിശ്വാസം മൂലം തികച്ചും സൗജന്യമായി രക്ഷിക്കപ്പെടാമെന്നും രക്ഷിക്കപ്പെട്ടവർ വിശ്വാസസ്നാനം സ്വീകരിക്കണമെന്നും ഉള്ള പഠിപ്പിക്കൽ സുപ്രധാനമായ ഉപദേശമാണ്. ഈ ഉപദേശം പഠിപ്പിക്കാത്ത വ്യക്തികളും കൂട്ടങ്ങളും ദൈവത്തിൽ നിന്നുള്ളതല്ല എന്നു വ്യക്തം.

3. രക്ഷിക്കപ്പെട്ട വ്യക്തികൾ രക്ഷിക്കപ്പെടാത്തവരുമായി ചേർന്നു സുവിശേഷപ്രവർത്തനം നടത്താൻ പാടില്ല. രക്ഷിക്കപ്പെടാത്ത വ്യക്തി മറ്റുള്ളവരെ രക്ഷയിലേക്കു നയിക്കുന്നതെങ്ങനെ? വീണ്ടും ജനനം പ്രാപിക്കാത്തവർ നിത്യജീവൻ പ്രാപിച്ചിട്ടില്ല. അവരുടെ ആത്മാവ് മരിച്ച സ്ഥിതിയിലാണ്. ക്രിസ്തുവിങ്കലേക്കു വരുമ്പോൾ മാത്രമേ ആത്മാവിനു ജീവൻ ലഭിക്കൂ. അതുകൊണ്ടാണ് ക്രിസ്തുവിനെ കൂടാതെ ആരും നിത്യജീവൻ പ്രാപിക്കുകയില്ല എന്നു പറയുന്നത്.

4. നാം ഉപയോഗിക്കുന്ന ബൈബിൾ രക്ഷിക്കപ്പെട്ടവർ ഉണ്ടാക്കിയതാണെന്നു തീർത്തു പറയാനാവില്ല. എങ്കിലും ബൈബിൾ വാങ്ങി ഉപയോഗിക്കുന്നതിൽ തെറ്റില്ല. ബൈബിൾ സൊസൈറ്റിയുടെ ബൈബിളാണ് സാക്ഷാൽ ബൈബിളെന്നും മറ്റുള്ള ബൈബിളുകളെല്ലാം സാത്താന്റെ വകയാണെന്നുമുള്ള ധാരണയും തിരുത്തണം. ബൈബിൾ സൊസൈറ്റിയിൽ രക്ഷിക്കപ്പെട്ടവർ ഏറെയില്ല. ബൈബിൾ സൊസൈറ്റിയുടെ ബൈബിളിലെ ഭാഷ സാമാന്യം നല്ലതാണ്. തർജ്ജമയിൽ തെറ്റുണ്ടെങ്കിലും ആ തെറ്റുകൾ ഗുരുതരമല്ല. അതുകൊണ്ട് ബൈബിൾ സൊസൈറ്റിയുടെ ബൈബിൾ നമുക്ക് ഉപയോഗിക്കാം. ഇക്കാലത്ത് മറ്റു പലരും ബൈബിൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അവ വാങ്ങുന്നതും തെറ്റല്ല. പക്ഷേ എബ്രായ ഭാഷയിലുള്ള പഴയനിയമവും ഗ്രീക്ക് ഭാഷയിലുള്ള പുതിയനിയമവുമാണ് യഥാർത്ഥ ദൈവവചനത്തോട് ഏറ്റവും അടുത്തത് എന്നു മറക്കരുത്.

5. അവിശ്വാസികളിൽ നിന്നു ദൈവനാമത്തിൽ സൗജന്യങ്ങൾ കൈപ്പറ്റുന്നത് ഒഴിവാക്കണം. പക്ഷേ പണം കൊടുത്തു നാം സാധനങ്ങളോ പുസ്തകങ്ങളോ വാങ്ങുമ്പോൾ വില്പനക്കാരൻ രക്ഷിക്കപ്പെട്ടതാണോ എന്നു നോക്കേണ്ടതില്ല. അങ്ങാടിയിൽ വിൽക്കുന്നതെന്തും ഒരന്വേഷണവും കൂടാതെ വാങ്ങി തിന്നുവാൻ വിശ്വാസിക്കു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം ഈ വിഷയത്തിലും ബാധകമാണ്. (1 കൊരി.10:25). നാം ബൈബിൾ വാങ്ങുന്നതു തിന്നാനല്ലെങ്കിലും പണം കൊടുത്തു വാങ്ങുന്നതുകൊണ്ട് സാത്താന് ഒരു വിധത്തിലുള്ള അവകാശവാദവും നടത്താനുള്ള പഴുതില്ല.

രക്ഷിക്കപ്പെട്ടവരെന്നും രക്ഷിക്കപ്പെടാത്തവരെന്നും ഉള്ള വ്യത്യാസം ആത്മീയ വിഷയങ്ങളിൽ നാം കർശനമായി പരിഗണിക്കണം. ഇങ്ങനെ ചെയ്യാത്ത പെന്തക്കോസ്തുകാരെ രക്ഷിക്കപ്പെട്ടവരായി പരിഗണിക്കാൻ പാടില്ല എന്നുകൂടി വ്യക്തമാക്കട്ടെ.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഡിസംബർ 31-ാം തീയതി രാത്രിയിൽ പുതുവർഷത്തെ എതിരേൽക്കുവാൻ പ്രത്യേക യോഗം നടത്തുന്ന പതിവ് ഭൂരിപക്ഷം പെന്തക്കോസ്ത് സഭകളിലുമുണ്ട്. ദൈവവചന വെളിച്ചത്തിൽ ഈ നടപടി എത്രത്തോളം ശരിയാണ്?

■ ദൈവവചനത്തിൽ ഒരു വിധത്തിലുള്ള അടിസ്ഥാനവും കണ്ടെത്താനാവാത്ത നിരവധി ആചാരങ്ങളും നടപടിക്രമങ്ങളും പെന്തക്കോസ്തിലുണ്ട്. ഇവയിൽ പലതും ശുശ്രൂഷകൾ എന്ന പേരിലാണു നടത്തിവരുന്നതും. ചില ഉദാഹരണങ്ങൾ: ഭവനപ്രതിഷ്ഠ, ആലയപ്രതിഷ്ഠ, ശിശുപ്രതിഷ്ഠ, കല്ലിടീൽ ശുശ്രൂഷ, കൺവൻഷൻ പന്തലിനു കാൽനാട്ടൽ ശുശ്രൂഷ, വിവാഹങ്ങളിലെ കേക്കുമുറിക്കൽ ശുശ്രൂഷ, കരിക്കുകുടിക്കൽ ശുശ്രൂഷ, അങ്ങനെ പോകുന്നൂ കാര്യങ്ങൾ. ദൈവവചനത്തിനു നിരക്കാത്ത ശുശ്രൂഷകൾ ചെയ്യുന്നതിന്റെ പേരിൽ സമുദായക്കാരെ പെന്തക്കോസ്തുകാർ പഴിക്കാറുണ്ട്. പക്ഷേ പെന്തക്കോസ്തിൽ ഒട്ടും മോശമല്ലാത്ത കോലാഹലങ്ങളാണ് നടക്കുന്നത്.

ഉദാഹരണമായി, ശിശുപ്രതിഷ്ഠ എന്ന പരിപാടിതന്നെ എടുക്കുക. കുട്ടികളുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നതു നല്ലതുതന്നെ. എന്നാൽ അതു നാം ഒരു ശുശ്രൂഷയാക്കുന്നു. അതിന് ആധാരമെന്നോണം ദൈവവചനത്തിൽ നിന്നു കുറെ വാക്യങ്ങളും വായിക്കും. ശമുവേലിനെ ദൈവാലയത്തിൽ കൊണ്ടുവന്നത്, യേശുക്രിസ്തു കുട്ടികളെ അനുഗ്രഹിച്ചത് തുടങ്ങിയതൊക്കെയാണ് സാധാരണയായി വായിക്കുക. സകല പരിപാടികളും തീരുമ്പോൾ ഒരു മണിക്കൂറെങ്കിലും കഴിഞ്ഞിരിക്കും. രണ്ടോ മൂന്നോ മിനിട്ടുകൊണ്ടു തീർക്കാവുന്ന കാര്യമാണിത്. ഭവനപ്രതിഷ്ഠ, ആലയപ്രതിഷ്ഠ തുടങ്ങിയവയുടെ കാര്യവും ഇതുപോലെയാണ്. ഒരു പ്രാർത്ഥനകൊണ്ടു തീർക്കേണ്ട കാര്യം ശുശ്രൂഷയാക്കും. എന്നിട്ട് കുറെ ചൊല്ലും ചെലുത്തും ചട്ടവട്ടങ്ങളും ഒക്കെ നടത്തി നിർവൃതിയടയും. ശവസംസ്ക്കാരം, വിവാഹം, ഓർഡിനേഷൻ തുടങ്ങിയവയും ഈ വിധത്തിൽ ശുശ്രൂഷയാക്കും.

ആണ്ടറുതി മീറ്റിംഗിന്റെ കാര്യമാണല്ലോ അറിയേണ്ടത്. ദൈവം സ്ഥാപിച്ച ഒരു കാലഗണനയേ ഉള്ളൂ: അത് യഹൂദൻമാരുടെ കലണ്ടറാണ്. യിസ്രായേൽ ജനം മിസ്രയീം വിട്ടതിന്റെ ഓർമ്മയ്ക്കായി ദൈവം സ്ഥാപിച്ചതാണത്. ക്രിസ്തബ്ദം എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന കലണ്ടറിന് ക്രിസ്തുവുമായി പറയത്തക്ക ബന്ധമൊന്നുമില്ലെന്നു മാത്രമല്ല ഇതു ദൈവീകവുമല്ല. എങ്കിലും നാം ഇപ്പോൾ ഉപയോഗിക്കുന്ന കലണ്ടർ ഇതായതുകൊണ്ട് ഡിസംബർ 31 എന്നത് വർഷത്തിന്റെ അവസാന ദിവസമാണെന്നു പറയുന്നതിൽ തെറ്റില്ല. ദൈവം നമുക്കു തന്ന നൻമകൾ ഓർക്കാൻ ആ ദിവസം നാം ഉപയോഗിക്കുന്നതിലും തെറ്റില്ല.

ഒരു ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം. നാം വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ നാഴികക്കല്ലുകൾ കാണാറുണ്ട്. നാം എത്രദൂരം യാത്ര ചെയ്തു എന്നു മനസ്സിലാക്കാനും നമ്മുടെ ലക്ഷ്യത്തിലെത്താൻ എത്ര ദൂരം ബാക്കിയുണ്ട് എന്നു ഗ്രഹിക്കാനും ഈ നാഴികക്കല്ലുകൾ സഹായകമാകും. ഡിസംബർ 31 എന്നത് ഈ വിധത്തിലുള്ള ഒരു നാഴികക്കല്ലായി കാണുന്നതിൽ തെറ്റില്ല. അതുപോലെ നമ്മുടെ ജൻമദിനം, വിവാഹദിനം, രക്ഷിക്കപ്പെട്ട തീയതി, സ്നാനപ്പെട്ട തീയതി തുടങ്ങിയവയും നാഴികക്കല്ലുകളാണ്. ദൈവം നമുക്കു തന്ന നൻമകൾ ഓർക്കാനും ദൈവത്തെ സ്തുതിക്കാനും പുതിയ തീരുമാനങ്ങളെടുക്കാനും ഇത്തരം തീയതികൾ ഉപയോഗിക്കാം. എന്നാൽ ഈ ദിവസങ്ങൾക്ക് എന്തെങ്കിലും ദിവ്യത്വമുണ്ടെന്നോ ഇവ ആചരിക്കേണ്ടത് ആവശ്യമാണെന്നോ ഉള്ള ധാരണ ഉണ്ടാകാതെ നോക്കണം. ഞായറാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും പുതിയനിയമ വിശ്വാസിക്ക് ഒന്നുപോലെയാണ്.

ഇങ്ങനെയൊക്കെ പറഞ്ഞാൽ അംഗീകരിച്ചു തരാൻ ഭൂരിപക്ഷം വിശ്വാസികളും തയ്യാറികുകയില്ലെന്നറിയാം. എങ്കിലും പറയാതെ പറ്റില്ലല്ലോ. ഞായറാഴ്ച എന്നതു കർത്തൃദിവസമാണെന്ന് നാം ധരിച്ചു വച്ചിരിക്കുന്നു. ഇങ്ങനെ ബൈബിളിൽ പറയുന്നുണ്ടോ? ഞായറാഴ്ച ഒരു ജോലിയും ചെയ്യരുത് എന്നു ബൈബിളിൽ എവിടെയാണെഴുതിയിരിക്കുന്നത്? ഗൾഫിലുള്ള വിശ്വാസികൾക്കു വെള്ളിയാഴ്ചയാണ് അവധി. അതുകൊണ്ട് അവർ വെള്ളിയാഴ്ച ആരാധിക്കയും ഞായറാഴ്ച ജോലിക്കു പോകുകയും ചെയ്യും. ഇതിൽ എന്താണാവോ തെറ്റ്!

ഡിസംബർ 31 എന്നത് നാം ഉപയോഗിക്കുന്ന കലണ്ടറിലെ അവസാന ദിവസമാണ്. ഒരു നാഴികക്കല്ലെന്ന നിലയിൽ ഈ ദിവസത്തെ കണക്കാക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നതു വിലക്കേണ്ടതില്ല. ആരെങ്കിലും പുതിയ തീരുമാനങ്ങളെടുക്കുന്നെങ്കിൽ അതും നല്ലതു തന്നെ. പക്ഷേ ഇതിനൊക്കെ ആത്മീയ പരിവേഷം കൊടുക്കുന്നത് ഒഴിവാക്കിയേ മതിയാകൂ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# സ്റ്റാൻലി നീചൻ തന്നെ



സ്റ്റാൻലി വർഷങ്ങൾക്കു മുൻപ് ഒരു സെന്റർ പാസ്റ്ററുടെ മകളെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു എന്നതു സത്യമാണ്. ഈ തെറ്റു ദൈവം ക്ഷമിച്ചിരിക്കില്ലേ? ഈ പ്രശ്നം വീണ്ടും എടുത്തിടുന്നതെന്തിന്? ഇതാണു ചോദ്യം. തെറ്റ് ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചാൽ ദൈവം ക്ഷമിക്കും. പക്ഷേ സ്റ്റാൻലി രക്ഷപ്പെടാനായി ചില തന്ത്രങ്ങൾ പ്രയോഗിച്ചെന്നല്ലാതെ തെറ്റ് ഏറ്റു പറഞ്ഞിട്ടില്ല, അനുതപിച്ചിട്ടില്ല, ഉപേക്ഷിച്ചിട്ടുമില്ല. അതുകൊണ്ടു ദൈവം ക്ഷമിച്ചിട്ടുമില്ല. ഇവൻ ഇപ്പോഴും പാപത്തിൽ ജീവിക്കുകയാണ്. അതുകൊണ്ടാണു പിന്നീടും ഇത്തരം ഹീനകൃത്യങ്ങൾ ചെയ്തത്. അഗമ്യഗമനം (incest), ബലാൽസംഗം, അവിഹിതഗർഭം, ഗർഭഛിദ്രം തുടങ്ങി പലതും നടന്നു. അവയിൽ ചിലത് അടുത്ത കാലത്താണു നടന്നത്. ഇരകളിൽ ചിലർ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളായിരുന്നു. കൂടുതൽ വിവരങ്ങൾ പിന്നാലെ വിശദമായി പറയാം.

ഐ.പി.സി ജനറൽ കൗൺസിൽ അംഗമായ സ്റ്റാൻലി ജോർജിനെക്കുറിച്ചു ചില കാര്യങ്ങൾ കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. അതോടുള്ള ബന്ധത്തിൽ ചിലർക്കുണ്ടായ ഏതാനും സംശയങ്ങൾക്കു മറുപടി പറയട്ടെ:

# പത്തൊൻപതാമത്തെ അടവ്

അടവുകൾ ആകെ പതിനെട്ടെണ്ണമാണുള്ളത് എന്നു പറയപ്പെടുന്നു. പക്ഷേ പതിനെട്ടടവും ഫലിക്കാതെ വന്നാൽ പത്തൊമ്പതാമത്തെ അടവെടുക്കാം. ഇപ്പോൾ മോഷണായി ചെയ്യുന്നതും ഇതു തന്നെ. സംശയമുള്ളവർ മോനായി പ്രസിദ്ധീകരിച്ച ഒരു പരസ്യം ശ്രദ്ധിക്കൂ: ''തിരുവല്ലയിലും പരിസരത്തുമുള്ള ദൈവമക്കൾക്ക് ഒരു സന്തോഷവാർത്ത. പ്രഭാത ആരാധന. പുലർകാലത്ത് പ്രസന്നതയോടെ കർത്തൃസന്നിധിയിൽ ആരാധനയ്ക്കായി ഒത്തുകൂടുവാൻ ഒരവസരം. എല്ലാ ഞായറാഴ്ചയും രാവിലെ 7 മുതൽ 9.30 വരെ. മുത്തൂർ ഐ.പി.സി എബനേസർ ചർച്ചിൽ. പാസ്റ്റർ സി.പി.മോനായി നേതൃത്വം നൽകുന്നു.'' സംഗതി പിടികിട്ടിയോ? ഇല്ലെങ്കിൽ പറയാം:

മോനായിയെ ആർക്കും വേണ്ടാതായപ്പോൾ മോനായി സ്വന്തം വീട്ടിൽ ആരാധന തുടങ്ങി. ഐ.പി.സി എബനേസർ ചർച്ച്, മുത്തൂർ എന്നു പേരുമിട്ടു. പക്ഷേ മോനായിയുടെ ഭാര്യയും മക്കളും മാത്രമാണു സഭായോഗത്തിനുള്ളത്. എത്ര ശ്രമിച്ചിട്ടും മറ്റാരും വരുന്നില്ല. അതുകൊണ്ട് ബി.മോനച്ചനെ വിളിച്ച് ഒരു കൺവൻഷൻ നടത്താൻ ശ്രമിച്ചു. ഡിഫെൻഡറിന്റെ ശല്യം കാരണം അതും നടന്നില്ല. ഒടുവിൽ ഒരു വിദ്യ കണ്ടുപിടിച്ചു. ഇതര സഭകളിൽ ആരാധന തുടങ്ങുന്നത് 10 മണിക്കാണ്. അതുകൊണ്ട് മോനായി 7 മുതൽ 9.30 വരെ ആരാധന വച്ചു. മറ്റു സഭകളിൽ പോകുന്നവർക്കും വന്ന് ആരാധിക്കാം. തന്റെ സഭയിൽ ആരാധനയുണ്ടെന്ന് മാലോകരോടു പറയാൻ ഇതുപകരിക്കും. ഒത്താൽ ചിലരെ ചാക്കിട്ടു പിടിക്കയും ചെയ്യാം.




# ഡേവിഡ്സൺ അപകടകാരി



ഈ ഫോട്ടോയിൽ കാണുന്ന ഡേവിഡ്സൺ എന്ന നീചനെ സൂക്ഷിക്കുക. ഏതു ഹീനകൃത്യവും ചെയ്യാൻ മടിയില്ലാത്തവനാണിവൻ. മന്ത്രിമാരും മറ്റുമായി അടുത്ത ബന്ധമുണ്ടെന്നു പറയുകയും ചില ഫോട്ടോകൾ കാണിക്കയും ചെയ്യും. വിദേശപര്യടനമാണ് ഈ വിദ്വാന്റെ സ്ഥിരം പരിപാടി. രണ്ടാഴ്ച മുൻപാണു കുവൈറ്റിൽ നിന്നു മടങ്ങിയത്. അധികം താമസിയാതെ മറ്റേതെങ്കിലും രാജ്യത്തേക്കു പോകും. ചർച്ച് ഓഫ് ക്രൈസ്റ്റ് സഭാംഗമായ ഇവൻ ഒന്നാംതരം ശുശ്രൂഷകനാണെന്നും ഇവനു പ്രോഗ്രാം കൊടുക്കണമെന്നും കാണിച്ച് കെ.സി.ജോണും ബാബു ജോർജും കത്തു കൊടുത്തിട്ടുമുണ്ട്. സ്ത്രീകളോ കുട്ടികളോ ഉള്ള വീട്ടിൽ ഇവനെ കയറ്റരുത്. ഇവൻ ഏതെങ്കിലും വിദേശ രാജ്യത്ത് എത്തിയാലുടൻ ഡിഫെൻഡറിനു വിവരം തരിക. വിശദമായ റിപ്പോർട്ട് അപ്പോൾ പ്രസിദ്ധീകരിക്കാം.

# സാലിയും തുടങ്ങീ വിശുദ്ധയാത്ര



സാലി മോനായി ഇതാ വിശുദ്ധനാടു സന്ദർശന പരിപാടി തുടങ്ങുന്നു. സ്വന്തം പത്രത്തിലാണു പരസ്യം നൽകിയിരിക്കുന്നത്. അച്ചൻകുഞ്ഞിനോടൊപ്പം വിശുദ്ധനാടു സന്ദർശിച്ച രണ്ടു സ്ത്രീകളുടെ ഫോട്ടോ ഏതാനും മാസം മുൻപ് മരുപ്പച്ചയിൽ കണ്ടിരുന്നു. ഈ ഫോട്ടോ സഹിതമാണു പരസ്യം നൽകിയിരിക്കുന്നത്. മോഷണം മോഷണായിയുടെ ഭാര്യക്കു ഭൂഷണമാണെന്നറിയാം. എങ്കിലും ചോദിക്കട്ടെ: എവിടുന്നു കിട്ടി ആ ഫോട്ടോ? അച്ചൻകുഞ്ഞിന്റെ വഹ മോഷ്ടിച്ചതാണോ? അതോ, സാലിക്ക് അച്ചൻകുഞ്ഞുമായി മാലോകർ അറിയാത്ത എന്തെങ്കിലും ഇടപാടുകളുണ്ടോ? പുറത്തു പറയാവുന്നതാണെങ്കിൽ പറഞ്ഞാൽ മതി.

# രഹസ്യമായി പാപം ചെയ്താൽ നടപടിയില്ലെന്നു ടി.ജെ.ശാമുവൽ



പാസ്റ്റർമാർ രഹസ്യമായി വ്യഭിചരിക്കുന്നതു പാപമല്ലെന്നു ടി.ജെ.ശാമുവൽ പ്രഖ്യാപിച്ചിരിക്കുന്നു. പാസ്റ്റർ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു എന്നു സ്ത്രീകൾ പരാതിപ്പെട്ടാൽ അതു വിശ്വസിക്കാനുമാവില്ലത്രേ. പാസ്റ്റർമാർ സ്ത്രീകളെ കാറിൽ കയറ്റി ഊരു ചുറ്റുന്നതിലും തെറ്റില്ല. ഏതെങ്കിലും പാസ്റ്റർ പരസ്യമായി വ്യഭിചരിച്ചാൽ അതു പാപമാണ്. മറ്റുള്ളതൊന്നും പാപമല്ല.

ഇങ്ങനെയൊക്കെ ടി.ജെ.ശാമുവൽ പറയുമോ എന്നു സംശയിക്കുന്നവരുണ്ടാകാം. പറയും എന്നല്ല പറഞ്ഞു കഴിഞ്ഞു. സംഭവം നടന്നത് ഡിസംബർ 23ന് പുനലൂരിലാണ്. ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ മകനായ ജോൺസൺ വളഞ്ഞവട്ടം സഭയിലുള്ള ഒരു വിധവയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചതും ഒരു ഗൾഫുകാരന്റെ ഭാര്യയുമായി ഊരുചുറ്റിയതും മറ്റും ഡിഫെൻഡറിൽ വാർത്തയായിരുന്നല്ലോ. ഈ പ്രശ്നത്തിന്റെ പേരിൽ ജോൺസണെ തേവേരി സഭയിലേക്കു സ്ഥലം മാറ്റുകയും ചെയ്തിരുന്നു. ഇദ്ദേഹം തിരുവല്ലയിലെ സെക്ഷൻ പാസ്റ്ററായതുകൊണ്ട് ആ സ്ഥാനത്തു നിന്നു കൂടി മാറ്റണം എന്നാവശ്യപ്പെട്ട് ചില പാസ്റ്റർമാർ സഭാനേതൃത്വത്തിനു കത്തു നൽകിയിരുന്നു. (ആ കത്ത് ഇന്റർനെറ്റിലുണ്ട്.)

ആ കത്തിൽ ഒപ്പിട്ടവരെയെല്ലാം ടി.ജെ.ശാമുവൽ ഡിസംബർ 23ന് പുനലൂരിൽ വിളിച്ചു വരുത്തി. ഓരോരുത്തരേയായി അകത്തേക്കു വിളിച്ചു വിരട്ടുകയും പരാതി കൊടുത്തതിനു കോപിക്കുകയും ചെയ്തു. ജോൺസൺ വ്യഭിചരിക്കുന്നതു നിങ്ങൾ കണ്ടോ, ഒരു സ്ത്രീയെ പാസ്റ്റർ കാറിൽ കയറ്റിക്കൊണ്ടു പോകുന്നതു തെറ്റാകുന്നതെങ്ങനെ, പാസ്റ്റർ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു എന്ന് ഒരു സ്ത്രീ പരാതി എഴുതി നൽകിയതുകൊണ്ട് പാസ്റ്റർ തെറ്റുകാരനാകുമോ തുടങ്ങിയ ചോദ്യങ്ങളാണ് ടി.ജെ. ശാമുവൽ ചോദിച്ചത്. അക്ഷരാർത്ഥത്തിലുള്ള വ്യഭിചാരം നടന്നു എന്നു സാക്ഷികൾ സഹിതം തെളിയിച്ചാൽ മാത്രമേ ജോൺസനെതിരെ നടപടി എടുക്കൂ എന്നു പ്രഖ്യാപിച്ചശേഷം ടി.ജെ.ശാമുവൽ പരാതിക്കാരെ തിരിച്ചയച്ചു. മാത്രമല്ല, പരാതി നൽകിയ പാസ്റ്റർമാർക്കെതിരെ നടപടിയെടുക്കാനും തീരുമാനിച്ചു.

ജോൺസൺ എത്തിയതോടെ തേവേരി സഭയിലെ അംഗങ്ങൾ ഐ.പി.സിയിൽ ചേർന്നു. അങ്ങനെ ആ സഭ പൂട്ടി. അതു കഴിഞ്ഞ് ജോൺസൺ ടി.ജെ. ശാമുവലിന്റെ സഹായത്തോടെ വളഞ്ഞവട്ടം സഭ പിളർത്തി. ടി.ജെ.ശാമുവലിന്റെ അമ്മായിയപ്പന്റെ അനുജനായ ജോണിയും ഭാര്യയും മറ്റ് ഒൻപതു കുടുംബങ്ങളും വളഞ്ഞവട്ടം സഭ വിട്ട് വേറെ സഭയുണ്ടാക്കി. പക്ഷേ ഒരാഴ്ച കഴിഞ്ഞപ്പോൾ അഞ്ചു കുടുംബം മടങ്ങിപ്പോന്നു. അതോടെ അഞ്ചു കുടുംബങ്ങൾ അവശേഷിച്ചു. അവരുടെ നേതാക്കളായ ജോണിയും സാറായും ഉടൻ അമേരിക്കൻ സന്ദർശനം നടത്താൻ പോകുകയാണ്. അതുകൊണ്ട് രണ്ടു കുടുംബങ്ങളെ പുളിക്കീഴ് എ.ജിയിലും മറ്റു രണ്ടു കുടുംബങ്ങളെ കടപ്ര എ.ജിയിലും ആക്കിയിരിക്കയാണ്. തേവേരി സഭ പൂട്ടിക്കിടക്കുന്നതുകൊണ്ട് ജോൺസൺ ഇപ്പോൾ ഓരോ ഞായറാഴ്ചയും ഓരോ സഭയിൽ ചുറ്റിക്കറങ്ങുന്നു.

സാത്താന്റെ സന്തതിയായ ടി.ജെ.ശാമുവൽ എ.ജിയെ വ്യഭിചാരികളുടെ കൂത്തരങ്ങാക്കിയിരിക്കയാണ്. ഏതാനും മാസം കഴിയുമ്പോൾ ഈ നീചനു കസേര ഒഴിയേണ്ടതായി വരും എന്നതു മാത്രമാണ് ഏക ആശ്വാസം.

# വിൽസണും കലാകാരനാണ്



വിൽസൺ കോറസ് എന്ന പേരിൽ ഗായകസംഘവുമായി നടക്കുന്ന വിൽസൺ ഒന്നാംതരം കലാകാരനാണ്. 'അതു നല്ലകാര്യമല്ലേ' എന്നാണു ചോദ്യമെങ്കിൽ ഇതു കല വേറേയാണ് എന്നറിയുക. സംഭവം ചുരുക്കി പറയാം:

ചില മാസങ്ങൾക്കു മുൻപ് വിൽസണും സംഘവും ഒരു ദക്ഷിണേന്ത്യൻ പര്യടനം നടത്തി. ഒരു ദിവസം രാത്രിയിൽ ഈ സംഘം വഴിയോരത്തു വാഹനം പാർക്കു ചെയ്ത് ഉറങ്ങി. നേരം വെളുത്തപ്പോൾ ടീം അംഗങ്ങൾ ഉണർന്നു. വിൽസണും ഒരു ഗാനകോകിലവും സ്ഥലത്തില്ല എന്ന ഭീകര രഹസ്യം അപ്പോഴാണ് അവർ അറിഞ്ഞത്. അതോടെ അന്വേഷണമായി. ഒടുവിൽ ഇരുവരേയും കണ്ടെത്തുകയും ചെയ്തു. അവരെ പോലീസ് ചോദ്യം ചെയ്യുകയാണ്. തന്നോടൊപ്പമുള്ള സ്ത്രീ തന്റെ ഭാര്യയാണെന്നു വിൽസൺ ആണയിട്ടിട്ടും പോലീസിനു വിശ്വാസമായില്ല. അന്വേഷിച്ചെത്തിയവരോടും പോലീസ് ഇതേചോദ്യം ആവർത്തിച്ചു. വിൽസണെ രക്ഷിക്കാൻ മറ്റൊരു വഴിയും കാണാത്തതുകൊണ്ട് അവരും പറഞ്ഞു: ''ഇതു വിൽസന്റെ ഭാര്യയാണ്.'' അങ്ങനെ വിൽസൺ രക്ഷപ്പെട്ടു. എങ്കിലും ചിലരൊക്കെ ഈ സംഭവമറിഞ്ഞു. ഈ കഥയിലെ പ്രതി മറ്റേതോ വിൽസണാണെന്നത്രേ സാക്ഷാൽ വിൽസൺ ഇപ്പോൾ പറഞ്ഞു നടക്കുന്നത്.

# അവറാൻ സമാചാരം

## ഊമനേ നീ സ്വതന്ത്രനാണ്

അവറാന്റെ പാണ്ഡിത്യം അപാരമാണ്. സംശയമുള്ളവർ ഡിഫെൻഡറിന്റെ യൂട്യൂബ് പേജിൽ (http://tsbalan.org/avaran.html) Meaning of the word "Freedom" എന്ന ലിങ്ക് നോക്കുക:

അവറാൻ പറയുന്നു: ‘‘ഫ്രീഡം എന്ന പദം എങ്ങനെയാണുണ്ടായത് എന്നറിയാൻ ചില ദിവസങ്ങൾ ഞാൻ പല പുസ്തകങ്ങൾ വായിക്കയുണ്ടായി. Dumb and Deaf എന്നു പറഞ്ഞാൽ ഊമനും ചെകിടനും എന്നർത്ഥം. ഫ്രീഡം എന്ന പദമുണ്ടാക്കിയപ്പോൾ Dumb എന്ന പദം ഒറ്റപ്പദമാക്കാൻ വേണ്ടി Dom എന്നാക്കിയെന്നാണ്. Free - Dom എന്നു പറഞ്ഞാൽ, ഊമനേ നീ ഫ്രീയാണ് എന്നാണർത്ഥം.’’

## കാട്ടുപോത്തിന്റെ ശാപ്പാടു കിഴങ്ങ്

കാട്ടുപോത്തിന്റെ ഭക്ഷണം എന്താണ്? നാടൻ പോത്തിനേപ്പോലെ പുല്ലും മറ്റുമാണ് എന്നു നിങ്ങൾ പറഞ്ഞേക്കാം. പക്ഷേ അവറാൻ അതു സമ്മതിച്ചു തരികയില്ല. കാട്ടുപോത്ത് ഒരു പ്രത്യേകതരം കിഴങ്ങു മാത്രമേ തിന്നൂ എന്നാണ് ഈ ചങ്ങാതിയുടെ കണ്ടുപിടുത്തം. കൂടുതൽ വിവരങ്ങൾക്ക് ഡിഫെൻഡറിന്റെ മേല്പറഞ്ഞ പേജിൽ Gaur's Food-According to Avaran എന്ന യൂട്യൂബ് ലിങ്ക് നോക്കുക.

അവറാൻ പറയുന്നു: ‘‘കാട്ടുപോത്തു പശുവിനേപ്പോലെ പുല്ലല്ല തിന്നുന്നത്. മണ്ണിനടിയിൽ ഒരു തരം കിഴങ്ങുണ്ട്. അതാണു കാട്ടുപോത്തു തിന്നുന്നത്...... കാട്ടുപോത്ത് ഓടുന്നതു കുനിഞ്ഞ് ഒരു തരം ശബ്ദം പുറപ്പെടുവിച്ചാണ്. അതു ശബ്ദം പുറപ്പെടുവിക്കുന്നതല്ല മണം പിടിക്കുന്നതാ.....കിഴങ്ങുണ്ടോന്നറിയാനാ....പുല്ലേൽ മണത്താലറിയാം അടിയിൽ കിഴങ്ങുണ്ടോന്ന്....കിഴങ്ങുണ്ടെന്നറിഞ്ഞാൽ കാട്ടുപോത്തു നിൽക്കും. എന്നിട്ട് അതിന്റെ കൊമ്പ് 145 ഡിഗ്രി വളയ്ക്കും. എന്നിട്ടു കൊമ്പ് മണ്ണിനടിയിലേക്ക് ഇറക്കും. എന്നിട്ടു മണ്ണിളക്കി മണ്ണിളക്കി അങ്ങോട്ടു മാറ്റും. അതിനടിയിൽ കിഴങ്ങിരിക്കും. അതാ കാട്ടുപോത്തു തിന്നുന്നത്, ആമേൻ. ആ കിഴങ്ങിന് ഒത്തിരി വിറ്റാമിനുണ്ടെന്നാ പറേന്നത്. അതാ കാട്ടുപോത്തിന്റെ ഇറച്ചിക്കിത്ര ടേസ്റ്റ്, അമേൻ, ആമേൻ.......ഇതും ഈ ചെറുവക്കൽ കൺവൻഷനുമായി എന്താ ബന്ധം? സുവിശേഷവുമായി എന്താ ബന്ധം? പറയാം: വിശുദ്ധ ബൈബിളാകുന്ന കാട്ടിലൂടെ, അഥവാ ഈ പുൽമേട്ടിലൂടെ നമ്മളിങ്ങനെ ഓടിക്കൊണ്ടിരിക്കുവാ.....അങ്ങനെ ഓടിയോടിയോടി നാം അപ്പോസ്തല പ്രവൃത്തി മൂന്നിൽ ചെന്നപ്പോൾ നമുക്കു മനസ്സിലായി ഇതിനടിയിൽ കിഴങ്ങുണ്ട്...’’. അങ്ങനെ പോകുന്നു വ്യാഖ്യാനം. ജോൺസൺ ദാനിയേൽ എന്ന കിഴങ്ങനാണ് ഈ മഹാപണ്ഡിതനെ രണ്ടു വർഷം മുൻപു ചെറുവക്കൽ കൺവൻഷനു വിളിച്ച് ഈ വിവരക്കേടു പ്രസംഗിപ്പിച്ചത്. എന്നിട്ടോ? അവറാൻ അമേരിക്കയിൽ വന്നപ്പോഴും വിളിച്ചു പ്രസംഗിപ്പിച്ചു. ഈ വർഷത്തെ ചെറുവക്കൽ കൺവൻഷനും വിളിച്ചു. (കിഴങ്ങന്മാരെന്തറിയുന്നൂ വിഭോ!).

## കറുത്തീയം, വെളുത്തീയം

കഴിഞ്ഞമാസം അവറാൻ ചവറിൽ നടത്തിയ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: ‘‘യേശുക്രിസ്തുവാണ് അടിസ്ഥാനം. ഈ പാറയുടെ മുകളിലാണ് എല്ലാവരും പണിയുന്നത്. പൊന്ന്, വെള്ളി, വെളുത്തീയം, കറുത്തീയം, പുല്ല്, മരം, വൈക്കോൽ എന്നിങ്ങനെയുള്ള ഏഴുകൂട്ടം സാധനങ്ങൾ കൊണ്ടാണ് പണിയുന്നത്.’’

ഇവന് ഈ വെളുത്തീയവും കറുത്തീയവും എവിടെനിന്നു കിട്ടിയെന്ന് ഒരു പിടിയും കിട്ടുന്നില്ല.

## പെന്തക്കോസ്തിലെ വിഗ്രഹങ്ങൾ

പെന്തക്കോസ്തിലെ വിഗ്രഹങ്ങൾക്കെതിരെ പ്രതിഷേധവുമായി ചിലർ രംഗത്തു വന്നിരിക്കുന്നു. കെ.എ.ഏബ്രഹാം, സുരേഷ് ബാബു, എം.എ.വർഗീസ്, സാമച്ചൻ, പി.ജി.വർഗീസ്, ജോയി തോമസ്, ദേവസ്യ മുല്ലക്കര, നസീല ബീവി എന്നിവരെ പേരെടുത്തു പറഞ്ഞു വിമർശിക്കുന്നുമുണ്ട്. സാമാന്യം നല്ല ഇംഗ്ലീഷിൽ എഴുതി അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള ഈ നോട്ടീസിൽ പരാമർശിക്കുന്ന വിഷയങ്ങൾ:

1. ഭൂരിപക്ഷം പെന്തക്കോസ്ത് പ്രസംഗകരും ഇപ്പോൾ സുവിശേഷം വികലമായാണ് അവതരിപ്പിക്കുന്നത്. കെ.എ.ഏബ്രഹാം, സുരേഷ് ബാബു, എം.എ.വർഗീസ്, സാമച്ചൻ, പി.ജി.വർഗീസ്, ജോയി തോമസ്, ദേവസ്യ മുല്ലക്കര, നസീല ബീവി എന്നിവർ ഉദാഹരണങ്ങളാണ്.
2. കൺവൻഷനുകളേക്കുറിച്ചു നോട്ടീസിലൂടെ വിവരം നൽകുന്നതു തെറ്റല്ല. പക്ഷേ വിഗ്രാഹാരാധകരെ തോല്പിക്കുന്ന വിധത്തിൽ സ്വന്തം ചിത്രങ്ങൾ വച്ച് ഫ്ളക്സ് ബോർഡുകളും മറ്റും ഉണ്ടാക്കുന്ന കെ.എ.ഏബ്രഹാമും മുല്ലക്കരയും മറ്റും ഗുരുതരമായ തെറ്റുചെയ്യുന്നു.
3. പണത്തിനുവേണ്ടി ഇത്തരം പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന പെന്തക്കോസ്ത് പത്രങ്ങളും പാപം ചെയ്യുന്നു.
4. ഇത്തരം ദുഷ്പ്രവണതകൾക്ക് അവസാനമുണ്ടാക്കാൻ അഞ്ചു പോംവഴികളും ഈ നോട്ടീസിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലപരിമിതി മൂലം ഈ നോട്ടീസ് ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നില്ല. എങ്കിലും ഇന്റർനെറ്റിൽ ഈ നോട്ടീസ് വായിക്കാം: www.tsbalan.com/notice.html


**A/C UNIT FOR SALE**

**Well established, 15 years old**
**A/C Unit Fix. Co.**
**for sale in Sharjah, UAE.**
Please contact. **+971-561043942.**




## അവറാനു പണിയില്ല

ഈ കൺവൻഷൻ സീസണിൽ അവറാനു പ്രോഗ്രാം വളരെ കുറവാണ്. ഭൂരിപക്ഷം ദിവസങ്ങളിലും വീട്ടിലിരുപ്പു തന്നെ ശരണം. സംശയമുള്ളവർ പെന്തക്കോസ്ത് പത്രങ്ങളിൽ വരുന്ന കൺവൻഷൻ വാർത്തകൾ നോക്കുക. പ്രധാന കൺവൻഷനുകളിൽ അവറാനില്ല. വല്ലപ്പോഴും ഒന്നോ രണ്ടോ പ്രോഗ്രാം മാത്രം. അതും ചെറുകിട കൺവൻഷനുകളിൽ. മലബാർ ഭാഗത്ത് ഇത്തവണ അവറാനു പ്രോഗ്രാമേയില്ല. മദ്ധ്യ തിരുവിതാംകൂറിൽ ഏതാനും പ്രാഗ്രാമുണ്ട്. എങ്കിലും സ്ഥിതി വളരെ മോശമാണ്. അതുകൊണ്ടു തിരുവനന്തപുരം ഭാഗത്തേക്കു കടക്കാനാണ് അവറാൻ ഇപ്പോൾ പദ്ധതിയിടുന്നത്.

## നേതാവിനു ഭീഷണി

കാൽച്ചുവട്ടിലെ മണ്ണുപോലും ഒലിച്ചുപോകുന്നു എന്നു മനസ്സിലായതോടെ ശ്രീമാൻ അവറാൻ ഭീഷണിയുമായി രംഗത്തെത്തിയിരിക്കയാണ്. മലബാർ ഭാഗത്തുള്ള ഒരു സഭാനേതാവാണ് ഈയിടെ അവറാന്റെ ഭീഷണി കേൾക്കേണ്ടതായി വന്നത്.

ചെല്ലുന്നിടത്തെല്ലാം ഒരു ചിന്നവീട് എന്നതാണ് അവറാന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി അവറാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുമുണ്ട്. അങ്ങനെയാണ് കോഴിക്കോട് ഭാഗത്തുള്ള ഒരു നേഴ്സുമായി അവറാൻ ലോഹ്യത്തിലായത്. ഫോണിലൂടെ ആരംഭിച്ച ആ ബന്ധം വളർന്നു പന്തലിച്ചു. ഒരിക്കൽ ഒരു കൺവൻഷൻ കഴിഞ്ഞ് ഈ വിശുദ്ധൻ മുങ്ങി. ഏതാനും ദിവസം കഴിഞ്ഞ് പൊങ്ങുകയും ചെയ്തു. പക്ഷേ കക്ഷി കടലാനയുടെ വയറ്റിലല്ല മൈസൂറിലെ ഒരു ഹോട്ടൽ മുറിയിലാണു രാവുകളെ പകലാക്കിയതെന്നും ഒപ്പം പ്രിയ നേഴ്സും ഉണ്ടായിരുന്നെന്നും മാലോകർ അറിഞ്ഞു. അതോടെ ചില സഭാനേതാക്കൻമാർ ഇടപെട്ട് നേഴ്സിനെ ഗുണദോഷിച്ചു. അല്പം ബുദ്ധിമുട്ടിയിട്ടാണെങ്കിലും അവർ നേഴ്സിനെ അവറാന്റെ പിടിയിൽ നിന്നു മോചിപ്പിക്കയും ചെയ്തു. ഈ സംഭവത്തേപ്പറ്റി ചില ശാരോൻ നേതാക്കൻമാർ ചോദിച്ചപ്പോൾ നടന്നതൊക്കെ മലബാറിലെ നേതാവു പറഞ്ഞു. അതോടെയാണ് അവറാൻ മലബാറിലെ നേതാവിനെതിരെ ഭീഷണി മുഴക്കിയത്. നേഴ്സു പ്രശ്നം ഉണ്ടായിട്ടില്ലന്ന് എഴുതി കൊടുത്തില്ലെങ്കിൽ നേതാവിനെതിരെ അവറാൻ അപവാദ കഥകൾ പ്രചരിപ്പിക്കുമത്രേ.

## കലാകാരൻ മുണ്ടിയപ്പള്ളിയിൽ

വാത്സായനകലയിൽ വിദഗ്ദ്ധനായ കെ.സി.ജേക്കബ് മുണ്ടിയപ്പള്ളിയിൽ ശുശ്രൂഷ നിവർത്തിക്കാൻ എത്തിയിരിക്കുന്നു. പൊതുജനം സൂക്ഷിക്കുക. രണ്ടു കൊല്ലം മുൻപുവരെ ഇയാൾ വാകത്താനത്തായിരുന്നു കലാപരിപാടി നടത്തിയിരുന്നത്. അവിടെയുള്ള എ.ജി സഭയിൽ ഇയാൾ നടത്തിയ കലാപ്രവർത്തനങ്ങൾ അതിരു കടന്നപ്പോൾ പുനലൂരിലേക്കു പരാതികൾ പ്രവഹിച്ചു. ഈ പരാതികൾ പരിശോധിച്ച എ.ജി എക്സിക്യൂട്ടീവ് കമ്മറ്റി താഴെ കാണുന്ന നിഗമനത്തിൽ എത്തുകയുണ്ടായി:

‘‘വാകത്താനം അസംബ്ലീസ് ഓഫ് ഗോഡ് സഭാശുശ്രൂഷകനായ പാസ്റ്റർ കെ.സി.ജേക്കബ് തന്റെ സഭയിലെ അവിവാഹിതരായ മൂന്നു പെൺകുട്ടികളോടും വിവാഹിതയും കുടുംബസ്ഥയുമായ ഒരു സഹോദരിയോടും അപമര്യാദയായി പെരുമാറുകയും പല തവണ അശ്ലീലമായി നേരിട്ടും ഫോണിലൂടെയും സംസാരിക്കുകയും ചെയ്തിട്ടുള്ളതായുള്ള പരാതികൾ ഈ കമ്മറ്റി വളരെ ഗൗരവമായി കാണുന്നു. കെ.സി.ജേക്കബ്ബിന്റെ അപമര്യാദയായുള്ള പ്രവൃത്തികൾക്കും സംസാരത്തിനും വിധേയരായ പെൺകുട്ടികളും വീട്ടമ്മയും അവരുടെ മാതാപിതാക്കളും ഭർത്താവുമാണു പരാതിക്കാർ. പെന്തക്കാസ്ത് സഭാവിശ്വാസികളും അവിവാഹിതരുമായ മൂന്നു പെൺകുട്ടികളും വിവാഹിതയും കുടുംബസ്ഥയുമായ ഒരു സഹോദരിയും അടിസ്ഥാനമില്ലാതെ ഇത്തരത്തിലുള്ള വളരെ ഗൗരവമേറിയ പരാതികൾ എഴുതി ബോധിപ്പിക്കുമെന്നു കരുതാൻ നിർവ്വാഹമില്ല. അരോപണവിധേയനായ കെ.സി.ജേക്കബ്ബിന് തനിക്കെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ സത്യവിരുദ്ധവും അടിസ്ഥാന രഹിതവുമാണെന്നു തെളിയിക്കാൻ ഒട്ടും കഴിഞ്ഞിട്ടില്ല. ഈ വിഷയത്തേക്കുറിച്ചു പരാതിക്കാർ ഈ കമ്മറ്റി മുൻപാകെ നേരിട്ടു ഹാജരായി വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ പാസ്റ്റർ കെ.സി.ജേക്കബ്ബിനെതിരായ അവരുട ആരോപണങ്ങൾ അടിസ്ഥാനമുള്ളതാണെന്ന് ഈ കമ്മറ്റി കരുതുന്നു.’’

ഈ ചങ്ങാതി ഒരു വിദഗ്ദ്ധ കലാകാരനാണെന്നതിന് ഇതിൽ കൂടിയ തെളിവ് ആവശ്യമില്ലല്ലോ. ഈ മാന്യദേഹമാണ് മുണ്ടിയപ്പള്ളിയിൽ പുതിയ എ.ജി സഭ ഉണ്ടാക്കാനായി എത്തിയിരിക്കുന്നത്. സഭാനേതൃത്വം എല്ലാവിധ പിൻതുണയും കൊടുക്കുന്നുമുണ്ട്. മുണ്ടിയപ്പള്ളിക്കാരെ ദൈവം രക്ഷിക്കട്ടെ എന്നല്ലാതെ എന്തു പറയാൻ.

## ഗിഫ്റ്റ് ബോക്സ് സൗജന്യമാണ്

കുട്ടികൾക്കു സമ്മാനമായി നൽകാൻ വിദേശത്തുനിന്നു കൊണ്ടുവരുന്ന ഗിഫ്റ്റ് ബോക്സിന് വില ഈടാക്കുന്നതായി പരാതി ഉയരുന്നതു പതിവാണ്. ഗിഫ്റ്റ് ബോക്സ് വിതരണം നടത്തുന്നതിന് ഉണ്ടാകുന്ന ചെലവിലേക്കാണ് പണം ഈടാക്കുന്നതെന്നാണ് സംഘാടകർ സാധാരണയായി പറയുക. വിവിധ സ്ഥലങ്ങളിൽ വിവിധ രൂപത്തിലും ഭാവത്തിലുമാണു പിരിവ്. പത്തോ ഇരുപതോ രൂപ മുതൽ നൂറും ഇരുനൂറും രൂപ വരെ പിരിക്കുന്നവരുണ്ട്. ഇതോടുള്ള ബന്ധത്തിൽ ഒരാൾ നൽകിയ പരാതിയും അതിനു ലഭിച്ച മറുപടിയും ഇതാ:

To - "Klear, Bill" <BKlear@samaritan.org>

I am interested in Samaritans Purse gift box distribution. I am from a remote area and thousands of tribal children are near to my place. Last four years I was involving in the distribution, but in the last year we have some problem with the team regarding the cash they took from us. For each box they charged from us Rs. 40/- ie, US $ 1 for each box. Please convey them the feelings we have on this.

ഈമെയിലിൽ അയച്ച ഈ പരാതിക്ക് ലഭിച്ച മറുപടി.

Thank you for your interest in Samaritan's Purse/Operation Christmas Child. I praise God to hear about your special burden for the children of Kerala, as well as your desire to protect the integrity of the body of Christ. I hope your year is progressing well and trust that you are growing "in grace and knowledge of the Lord Jesus Christ" and that God has continued to demonstrate His provision for your needs. Let me assure you that financial integrity and the gift boxes serving the children only are among our highest priorities. As such, it is our strict policy that no child be charged for a gift box, and that the child, and only the child, receive everything in the box. Furthermore, our handbook clearly states that: "The leadership team must never assign a cost to a gift box; a church or ministry should never be charged for receiving gift boxes. Organizations making donations will not be guaranteed boxes."

Unfortunately we do not have enough specific information from your communication to act in a country of over 1 billion people. Please supply us with additional specifics so we can properly follow-up on these alleged improprieties. We will provide the information you supply to our National Leadership Team in India for them to look into. Please forward any additional details to India's National Leadership Team Coordinator, S. A. Daniel at geoga_00@yahoo.com and copy me on your email. If you would like to contact me directly, please feel free to reply to this email or call me at (828) 262-1980 x1295.
Bill Klear, Regional Manager - South and East Asia, OCC,
Samaritan's Purse, PO Box 3000, Boone, NC 28607, Ph: 828-278-1295
Email: bklear@samaritan.org Website: http://www.samaritan.org/

കാര്യങ്ങൾ വ്യക്തമാണല്ലോ. ഗിഫ്റ്റ് ബോക്സ് ലഭിക്കുന്ന കുട്ടികളിൽ നിന്ന് ഒരു വിധത്തിലുള്ള ഫീസും ഈടാക്കാൻ വിതരണക്കാർക്ക് അവകാശമില്ല. പക്ഷേ ഈ വസ്തുത മറച്ചു വച്ചുകൊണ്ടാണ് സംഘാടകർ പണപ്പിരിവു നടത്തുന്നത്. ഇതിനെതിരെ സർക്കാരിനു പരാതി നൽകാവുന്നതാണ്. കൂടാതെ, മേല്പറഞ്ഞ ഈമെയിലിലും പരാതി അയയ്ക്കണം. ഗിഫ്റ്റ് ബോക്സിന്റെ പേരിൽ ആരെങ്കിലും പണപ്പിരിവു നടത്തുന്നതായി ശ്രദ്ധയിൽ പെട്ടാൽ ദയവായി ഡിഫെൻഡർ ഓഫീസിൽ വിവരമറിയിക്കുക. ആവശ്യമായ അന്വേഷണം നടത്തി ഡിഫെൻഡർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

# നിങ്ങൾക്കും വലിയവനാകാം

വലിയവനാകാനുള്ള യജ്ഞത്തിൽ സാക്ഷ്യത്തിനു നൽകേണ്ട പ്രാധാന്യത്തേക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. മഹത്വത്തിലേക്കുള്ള വഴിയിലെ ആദ്യ നാഴികക്കല്ലാണു സാക്ഷ്യം. കരളലിയിക്കുന്ന ഒരു സാക്ഷ്യം കൈമുതലായാൽ ആദ്യ ഘട്ടം വിജയിച്ചു. അടുത്തതു പ്രസംഗമാണ്.

ദൈവവചനം പഠിച്ചവർക്കേ പ്രസംഗിക്കാൻ കഴിയൂ എന്നൊരു തെറ്റിദ്ധാരണയുണ്ട്. ആദ്യമായി ആ ധാരണ തിരുത്തുക. ദൈവവചനത്തിന്റെ ബാലപാഠങ്ങൾ പോലും പഠിക്കാതെ അന്തർദ്ദേശീയ സുവിശേഷകരായി വിലസുന്ന നൂറു കണക്കിനു പ്രസംഗകർ പെന്തക്കോസ്തിലുണ്ട്. എം.എ.വർഗീസ്, സുരേഷ് ബാബു, ഡാമിയൻ, തങ്കു, നോബിൾ പി. തോമസ്, പി.ആർ. ബേബി തുടങ്ങിയവർ നല്ല ഉദാഹരണം. ഇവരിൽ ഒരാളേപ്പോലെ ആകാൻ നിങ്ങൾക്കും കഴിയും.

പെന്തക്കോസ്തിലെ ഉണർവ്വു പ്രസംഗകനാകാൻ ആഗ്രഹിക്കുന്ന വ്യക്തി ബൈബിൾ കോളെജിന്റെ ഏഴയലത്തു കൂടിപ്പോലും പോകാതിരിക്കാൻ ശ്രദ്ധിക്കണം. അല്പമെങ്കിലും ദൈവവചനം പഠിച്ചാൽ അതിനു സരിച്ചുള്ള കുറവ് ഉണർവ്വിലുണ്ടാകും. 'വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' എന്നതായിരിക്കണം മുദ്രാവാക്യം. അറിവിന്റെ വെളിച്ചത്തേക്കാൾ അജ്ഞതയുടെ ഇരുളിനെ സ്നേഹിക്കുക, ആഞ്ഞു പുണരുക. ഉണർവ്വിന്റെ വാതായനങ്ങൾ നിങ്ങൾക്കായി തുറക്കും.

ബൈബിൾ കോളേജിൽ പഠിക്കാതിരിക്കുക മാത്രമല്ല തരം കിട്ടുന്നിടത്തെല്ലാം ബൈബിൾ കോളേജുകളെ നിശിതമായി വിമർശിക്കുകയും വേണം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു തടസ്സം നിൽക്കുന്ന ലോകജ്ഞാനമാണ് ബൈബിൾ കോളേജുകൾ നൽകുന്നതെന്നു പ്രഖ്യാപിക്കണം. ബൈബിൾ കോളേജിൽ പഠിച്ചാൽ ബി.ഡി കിട്ടും, പക്ഷേ തീയില്ലാതെ ബി.ഡി കൊണ്ട് എന്തു പ്രയോജനം? ഈ ചോദ്യം കേൾക്കുമ്പോൾ 'അല്ലേലൂയ്യാ' എന്നലറിക്കൊണ്ടു ചിരിക്കാൻ ഒട്ടേറെ പെണ്ണുങ്ങളും പെണ്ണുങ്ങളേക്കാൾ തരംതാണ കുറെ ആണുങ്ങളും ഉണ്ടാകുമെന്ന് ഉറപ്പിച്ചുകൊള്ളുക. തന്റെ കൈവശം ബീഡിയില്ലെങ്കിലും തീയുണ്ട് എന്നുകൂടി പറയുമ്പോൾ ചിരി ഉച്ചത്തിലാകും. ഇത്രയും പറഞ്ഞിട്ട്, നിങ്ങൾ മുട്ടിൻമേൽ കോളേജിലിരുന്നു ദൈവവചനം പഠിച്ച കഥ വൈബ്രേഷൻ സഹിതം പറയുമ്പോൾ മിക്കവരും ആത്മാവിലാകും. പെന്തക്കോസ്തിലെ പ്രസംഗകനാകാൻ ബൈബിൾ പഠിക്കേണ്ട കാര്യമില്ല എന്നതിന് ഇതിനേക്കാൾ വലിയ തെളിവെന്തിന്?

പ്രസംഗകനാകാൻ തയ്യാറെടുക്കുന്നവർ പെന്തക്കോസ്തിനെ സംബന്ധിച്ചു ചില വസ്തുതകൾ കൂടി അറിഞ്ഞിരിക്കണം. ഭൂരിപക്ഷം പെന്തക്കോസ്തുകാരും കഴുതകളാണ് എന്നതാണ് അവയിൽ മുഖ്യം. പമ്പര വിഡ്ഢികളായ പെന്തക്കോസ്തുകാരെ കബളിപ്പിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. ഡിഫെൻഡർ അതിശയോക്തി പറയുകയാണെന്നു കരുതരുത്. സംശയമുള്ളവർ 2009ൽ എന്തൊക്കെയാണു നടന്നതെന്നു നോക്കു.

1. ശുദ്ധ വിവരക്കേടു പ്രസംഗിക്കുന്ന കെ.എ.ഏബ്രഹാം, കെ. എ.തോമസ് തുടങ്ങിയവർ ജനപ്രിയ പ്രസംഗകരായി വിലസി.
2. പ്രസംഗം എഴുതി വായിക്കുന്ന മുല്ലക്കര അമേരിക്കയിലെ പിണ്ണാക്കു കോൺഫ്രൻസിൽ പ്രസംഗിച്ചു. അത്ഭുത രോഗശാന്തി വരുത്തിയെന്നു പറഞ്ഞശേഷം മുല്ലക്കര മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിക്കു പണം ചോദിച്ചു, പെന്തക്കോസ്തുകാർ കൊടുത്തു.
3. കള്ളസാക്ഷ്യം പറഞ്ഞു നടന്ന നസീല ബീവി ഏവരേയും വിഡ്ഢികളാക്കി. വിസ കിട്ടാതിരുന്നതുകൊണ്ടു മാത്രമാണ് അമേരിക്കൻ യാത്ര മുടങ്ങിയത്. വിസ കിട്ടിയിരുന്നെങ്കിൽ പിണ്ണാക്കു കോൺഫ്രൻസിൽ പ്രസംഗിക്കുമായിരുന്നു.
4. വ്യഭിചാരം തൊഴിലാക്കിയ സാമച്ചനും സുരേഷ് ബാബുവിനും അമേരിക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രോഗ്രാം കിട്ടി.
5. തങ്കു ഉൾപ്പെടെയുള്ള വ്യാജൻമാർ പെന്തക്കോസ്ത് നേതാക്കൻമാരുടെ അനുഗ്രഹത്തോടെ അഴിഞ്ഞാടി.

തീർന്നില്ല, പക്ഷേ സാമ്പിളിന് ഇത്രയും മതിയല്ലോ. പെന്തക്കോസ്തുകാർ ശുദ്ധ വിവരദോഷികളാണെന്നതിന് ഇതിൽപ്പരം എന്തു തെളിവാണു വേണ്ടത്? ഈ വിഡ്ഢികളെ കബളിപ്പിച്ച് വലിയവനാകാൻ നിങ്ങൾക്കും കഴിയും.

പെന്തക്കോസ്തിൽ ബുദ്ധിയുള്ളവർ ആരുമില്ലെന്നാണോ പറഞ്ഞുവരുന്നതെന്നു ചോദിച്ചേക്കാം. അല്ലേയല്ല. ബുദ്ധിയുള്ളവരും പെന്തക്കോസ്തിലുണ്ട്. പക്ഷേ അവരിൽ ഭൂരിപക്ഷവും നല്ലപിള്ളകളാണ്. സത്യം തുറന്നു പറഞ്ഞാൽ പലരും പിണങ്ങും. അതുകൊണ്ട് ഈ വിദ്വാൻമാർ മൗനം ഭൂഷണമാക്കും. തലയിൽ കയറിനിന്നു ഡാൻസ് കളിച്ചാലും വായ് തുറക്കുകയില്ല.

സഭാനേതാക്കൻമാരുടെ സ്ഥിതിയാണ് ഏറ്റവും ദയനീയം. ആത്മീയതയുടെ ആധിക്യം മൂലം നേതൃസ്ഥാനത്തെത്തിയവരല്ലല്ലോ പെന്തക്കോസ്തിന്റെ നേതൃത്വത്തിലുള്ളത്. പണം, വോട്ടുപിടിക്കാനുള്ള കഴിവ്, കുതന്ത്രങ്ങൾ പയറ്റാനുള്ള ചങ്കുറപ്പ് തുടങ്ങിയതൊക്കെയാണു പെന്തക്കോസ്ത് നേതാവാകാൻ വേണ്ട ഗുണഗണങ്ങൾ. സംശയമുള്ളവർ പ്രധാന പെന്തക്കോസ്ത് സഭകളുടെ തലപ്പത്തിരിക്കുന്നവരെയെല്ലാം വിലയിരുത്തു. ഉയർന്ന ആത്മീയ നിലവാരം പുലർത്തിയതുകൊണ്ടു നേതൃത്വത്തിൽ എത്തിയ ആരെങ്കിലും ഇപ്പോൾ പെന്തക്കോസ്ത് സഭകളുടെ തലപ്പത്തുണ്ടോ?

ആത്മീയ മൃതദേഹങ്ങളായ ഈ നേതാക്കൻമാരെ പിശാചിനുപോലും പേടിയില്ല. അതുകൊണ്ട് നിങ്ങളും പേടിക്കേണ്ടതില്ല. പക്ഷേ ഇവർ പിണങ്ങിയാൽ നിങ്ങളുടെ നിലനിൽപ്പു പരുങ്ങലിലാകും. അതുകൊണ്ട് ഒരു നേതാവിനേയും നിങ്ങൾ പിണക്കരുത്. നേതാക്കൻമാരെ പുകഴ്ത്താൻ ശ്രദ്ധിക്കുക. അവരേക്കുറിച്ചു നല്ലതുമാത്രം പറയുക. സമയം കിട്ടുമ്പോൾ നേതാക്കൻമാരെ നേരിൽ കാണുക. യാത്ര പറഞ്ഞു പിരിയാനായി കൈ കൊടുക്കുമ്പോൾ സ്തോത്രത്തോടൊപ്പം ഒരു സ്തോത്രക്കാഴ്ചയും കൈയ്യിൽ വച്ചു കൊടുക്കുക. ഒരു നേതാവും നാളിതുവരെ പണം വേണ്ട എന്നു പറഞ്ഞിട്ടില്ല. പണം തരുന്നവർക്കെതിരെ ഒരു വാക്കു പോലും പെന്തക്കോസ്ത് നേതാക്കൻമാർ പറയുകയുമില്ല.

പെന്തക്കോസ്ത് എന്ന വെള്ളരിക്കാപ്പട്ടണത്തിലെ പ്രസംഗകനാകാൻ തയ്യാറെടുക്കുന്ന വിരുതൻമാർ മനസ്സിലാക്കേണ്ട അടിസ്ഥാന സത്യങ്ങളാണ് ഇതുവരെ പറഞ്ഞത്. ഇനി ചില പ്രായോഗിക നിർദ്ദേശങ്ങൾ.

പ്രസംഗിക്കാൻ ഇറങ്ങുന്നതിനു മുൻപായി നിങ്ങൾ നാലോ അഞ്ചോ പ്രസംഗങ്ങളുണ്ടാക്കണം. ഏതു സ്റ്റേജിൽ കയറിയാലും ഇവയിലേതെങ്കിലും ഒരെണ്ണം തട്ടിവിട്ടാൽ ഓക്കേ. 'കർത്താവു തന്ന ഒരു ദൂത്' എന്ന മുഖവുരയോടെ വേണം പ്രസംഗിക്കാൻ. സ്റ്റേജിൽ എത്തിയശേഷം കർത്താവു നൽകിയതാണ് ഈ പ്രസംഗം എന്നു പൊതുജനം ധരിച്ചുകൊള്ളും.

പ്രസംഗവിഷയം തിരഞ്ഞെടുക്കുമ്പോഴും ചിലതൊക്കെ ശ്രദ്ധിക്കാനുണ്ട്. പരമാവധി ബഹളം വയ്ക്കാൻ സഹായകമായ വാക്യങ്ങൾ വേണം കുറിവാക്യമായി ഉപയോഗിക്കാൻ. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല എന്ന വാക്യം ഒന്നാംതരമാണ്. ഒരു ബാധയും നിന്റെ കൂടാരത്തോട് അടുക്കുകയില്ല എന്നു പറഞ്ഞാലും ജനം ഇളകും. മൂന്നു ദിവസം തുടർച്ചയായി പ്രസംഗിക്കേണ്ട സാഹചര്യമാണുള്ളതെങ്കിൽ 'യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ' എന്നതാകാം പ്രസംഗവിഷയം. ഒന്നാമത്തെ ദിവസം യേശു എങ്ങനെയാണ് 'ഇന്നലെ' അനന്യനായിരുന്നത് എന്നു പറയണം. രണ്ടാം ദിവസം 'ഇന്ന്' എന്നതും അവസാന ദിവസം 'എന്നെന്നേക്കും' എന്നതും പ്രസംഗിക്കാം. ഇതൊന്നും വിശദീകരിക്കാൻ നിങ്ങൾക്ക് അറിയില്ല എന്നതാണു പ്രശ്നമെങ്കിൽ അതിനുള്ള പരിഹാരവും പറയാം.

ഇന്നലെ എന്ന വിഷയം പ്രസംഗിക്കുമ്പോൾ നോഹയെ പെട്ടകത്തിലാക്കി രക്ഷിച്ചത്, യിസ്രായേൽ ജനത്തെ വിടുവിച്ചത്, ചെങ്കടൽ വിഭജിച്ചത്, മന്ന കൊടുത്തത് തുടങ്ങി പഴയനിയമത്തിലെ എണ്ണമറ്റ അത്ഭുതങ്ങളിൽ ചിലത് സാഹചര്യമനുസരിച്ചു പറയുക. സുവിശേഷങ്ങളിൽ കാണുന്ന അത്ഭുതങ്ങൾ വിവരിക്കുന്നതിലും തെറ്റില്ല. അങ്ങനെ യേശു ക്രിസ്തു എങ്ങനെയാണ് 'ഇന്നലെ' അനന്യനായിരുന്നതെന്നു വിശദീകരിക്കാം.

ഇന്ന് എന്ന വിഷയവും വലിയ ബുദ്ധിമുട്ടു കൂടാതെ പ്രസംഗിക്കാം. ബൈബിളിലെ, വിശേഷിച്ചും പുതിയനിയമത്തിലെ, അത്ഭുതങ്ങൾ വിവരിക്കുകയും ഇക്കാലത്തു നടന്ന അത്ഭുതങ്ങൾ പറയുകയും ചെയ്യു. ഡൽഹിയിൽ അങ്ങനെ നടന്നു, ദുബായിൽ ഇങ്ങനെ നടന്നു, കൊറിയയിൽ അങ്ങനേയും ഇങ്ങനേയും നടന്നു എന്നൊക്കെ പറഞ്ഞാൽ മതി. കാലില്ലാത്തവനു കാല് കിളിർത്തുവന്നു, ഗർഭപാത്രം ഇല്ലാത്ത സ്ത്രീ പ്രസവിച്ചു, ആകാശത്തുനിന്ന് അരിയും പച്ചക്കറിയും പൊഴിഞ്ഞുവീണു തുടങ്ങി നിങ്ങളുടെ ഭാവനയ്ക്കൊത്ത് എന്തും പറയാം. എല്ലാവരും ചേർന്നു ഹാലേലൂയ്യാ പറഞ്ഞുകൊള്ളും. ഈ പറയുന്നതൊക്കെ കള്ളമാണെന്ന് ആരും പറയുകയില്ലെന്നു തീർച്ച.

എന്നെന്നേക്കും എന്ന ഭാഗം പ്രസംഗിക്കുമ്പോൾ ഉണർവ്വ് അങ്ങേയറ്റത്തെത്തും. കർത്താവിന്റെ മടങ്ങിവരവ്, എതിർക്രിസ്തുവിന്റെ ഭരണം, സഹസ്രാബ്ദം തുടങ്ങിയതൊക്കെയാകട്ടെ പ്രസംഗവിഷയം. ഇതൊന്നും പറയാനുള്ള അറിവു നിങ്ങൾക്കില്ല എന്നതാണു പ്രശ്നമെങ്കിൽ അതും വളരെ എളുപ്പം പരിഹരിക്കാം. ഇന്നു ലോകത്തു കാണുന്ന സംഭവങ്ങളേക്കുറിച്ചെല്ലാം പറയുക. അതൊക്കെ കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങളാണെന്നും പ്രഖ്യാപിക്കുക. യുദ്ധം, ക്ഷാമം, ഭൂകമ്പം, സുനാമി, വാഹന അപകടം, കോപ്പർഹേഗൻ, തടിയന്റവിട നസീർ, ബരാക് ഒബാമ തുടങ്ങി എന്തും പറയാം. ആരും എതിർക്കുകയില്ല. ഭാവികാല ശാസ്ത്രത്തേക്കുറിച്ച് ഒട്ടും അറിവില്ലാത്തവർ എതിർക്രിസ്തുവിന്റെ ഭരണം, സഹസ്രാബ്ദം, അന്ത്യന്യായവിധി തുടങ്ങിയ വിഷയങ്ങളിലേക്കു കടക്കാതിരിക്കുകയാണു ബുദ്ധി.

ഉണർവ്വു പ്രസംഗകനാകാൻ ആഗ്രഹിക്കുന്നവർക്കു പ്രസംഗ വിഷയം എന്നൊന്നു വേണമെന്നില്ല. പക്ഷേ ജനത്തെ ഇളക്കാൻ പറ്റിയ വാക്യങ്ങൾ കൂടിയേ കഴിയൂ. ഈ വാക്യങ്ങൾ മാലപ്പടക്കം പോലെ പൊട്ടിച്ചാൽ ഉണർവ്വുണ്ടാകും. ഈ വിദ്യ ഫലപ്രദമായി പ്രയോഗിച്ചു വിജയിച്ച വീരനാണ് സുരേഷ് ബാബു.

പെന്തക്കോസ്ത് പ്രസംഗങ്ങളിൽ വൈബ്രേഷനുള്ള സ്ഥാനം അദ്വിതീയമാണ്. എന്താണു വൈബ്രേഷൻ എന്നു പിടി കിട്ടിയില്ലെങ്കിൽ വിശദീകരിക്കാം. സംഗീതത്തിലെ സംഗതി പോലുള്ള ഒരു സാധനമാണിത്. സംഗതിയില്ലാത്ത സംഗീതം വിരസമായിരിക്കും. അതുപോലെ വൈബ്രേഷനില്ലാത്ത പ്രസംഗം പരമ ബോറായിരിക്കും. വേണ്ടാത്തിടത്തു കയറി സംഗതി ഇട്ടാൽ സംഗീതം കുളമാകും. അതുപോലെ അസ്ഥാനത്തു വൈബ്രേഷൻ കൊണ്ടുവന്നാൽ വിപരീത ഫലമാണുണ്ടാകുക.

എവിടെയൊക്കെയാണ് വൈബ്രേഷൻ യോജിക്കുക? ഭക്തിയുടെ സഹയാത്രികനാണു വൈബ്രേഷൻ. അതുകൊണ്ടു ഭക്തി കൊണ്ടുവരേണ്ടിടത്തു മാത്രം വൈബ്രേഷൻ കൊണ്ടുവരുക. 'കർത്താവ്' എന്നു പറയുന്നിടത്തെല്ലാം വൈബ്രേഷനാകാം. ദൈവം, യേശു, പരിശുദ്ധാത്മാവ്, കുഞ്ഞാട്, കാൽവറി, കുരിശ് തുടങ്ങി ഭക്തിയുമായി ബന്ധപ്പെട്ടതിനെല്ലാം വൈബ്രേഷൻ യോജിക്കും. പക്ഷേ അഭക്തിയുടെ പ്രതീകമായ വാക്കുകളിൽ അല്പം പോലും വൈബ്രേഷൻ പാടില്ല. ഉദാഹരണത്തിനു 'സാത്താൻ' എന്നതു വൈബ്രേഷൻ സഹിതം പറഞ്ഞാൽ എങ്ങനെയിരിക്കും?

ഉണർവ്വും അതിഖരവുമായുള്ള ബന്ധം ഉണർവ്വു പ്രസംഗകരെല്ലാം മനസ്സിലാക്കിയിരിക്കണം. ക, ച, ട, ത, പ എന്നിവയാണ് ഖരം. ഖ, ഛ, ഠ, ഥ, ഫ എന്നിവ അതിഖരം. ഖരം വരുന്നിടത്തെല്ലാം അതിഖരം ഉപയോഗിക്കുക. ഉദാഹരണത്തിന്, കർത്താവ് എന്നല്ല ഖർഥാവ് എന്നു വേണം ഉണർവ്വു പ്രസംഗകൻ പറയാൻ. വചനത്തെ വഛനമാക്കുക. അതുപോലെ ഗ, ജ, ഡ, ദ, ബ എന്നീ മൃദുക്കൾ ഘ, ഝ, ഢ, ധ, ഭ എന്നീ ഘോഷമാക്കുക. അപ്പോൾ ജീവിതം ഝീവിഥമാകും. കഴിയുന്നത്ര സ്ഥലങ്ങളിൽ കൂട്ടക്ഷരവും ഉപയോഗിക്കുക.

നാം സാധാരണയായി ഉപയോഗിക്കുന്ന വാക്കുകൾ ഇങ്ങനെ മാറ്റുമ്പോൾ എങ്ങനെയിരിക്കുമെന്നു നോക്കു. യേശ്ശു, ഖർഥാവ്, ധൈവം, ഫരിശ്ശുദ്ധാത്മാവ്, ആഖാശ്ശം, ഭൂമ്മി, വഛനം, അന്നുഗ്രഹം, വിട്ടുഥൽ, സ്സാത്താൻ, ഫിച്ചാശ്ശ് ...... സകല വാക്കുകളും ഇങ്ങനെയാക്കണമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. സാഹചര്യമനസ്സരിച്ചുവേണം ഇത്തരം പ്രയോഗങ്ങൾ നടത്താൻ. ഇതുതന്നെ മൂന്നു തരത്തിൽ ചെയ്യാം. വൈബ്രേഷൻമാത്രമായി പ്രയോഗിക്കുക, കട്ടിയായ വാക്കുകൾ ഉപയോഗിക്കുക, വൈബ്രേഷൻ സഹിതം മേല്പടി വാക്കുകൾ ഉപയോഗിക്കുക. "ഖർഥാാാവ് നിന്നെ ഇഥാാാ സൗഖ്യമാാാൻ ഫോകുന്നൂൂൂ....." എന്നു പറയുമ്പോൾ സകലരും ആത്മാവിലാകും. വൈബ്രേഷനും ഇരട്ടിപ്പും മറ്റും ഉണർവ്വുണ്ടാക്കാൻ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നു നേരിൽ കണ്ടു മനസ്സിലാക്കാൻ ആഗ്രഹമുള്ളവർ കെ.സി. ജോണിന്റെ പ്രസംഗം കേട്ടാൽ മതി. നൂറ്റൊന്നാവർത്തിച്ച വിഷയങ്ങൾ ഉപയോഗിച്ച് ഈ മനുഷ്യൻ ജനത്തെ ഇളക്കുന്നതു കാണുമ്പോൾ പെന്തക്കോസ്തുകാരുടെ വിവരക്കേടിൽ ആരും സഹതപിച്ചുപോകും.

ഉണർവ്വു പ്രസംഗകർ ആകാൻ ആഗ്രഹിക്കുന്നവർ മറ്റ് ഉണർവ്വു പ്രസംഗകരുടെ പ്രസംഗം കേട്ട് തന്ത്രങ്ങൾ പഠിക്കണം. വാക്യങ്ങൾ കാണാപ്പാഠം പഠിച്ച് ജനവഞ്ചന നടത്താൻ ആഗ്രഹിക്കുന്നവർക്ക് സുരേഷ് ബാബുവിനെ കണ്ടു പഠിക്കാം. കെ.സി.ജോണിന്റെ പ്രസംഗം ശ്രദ്ധിച്ചു കേട്ടാലും ഒട്ടേറെ വിദ്യകൾ പഠിക്കാം.

മൈക്ക് സ്റ്റാന്റിൽ വച്ച് പ്രസംഗിക്കുന്ന പരിപാടി പൂർണ്ണമായും ഒഴിവാക്കണം. കോഡ്‌ലസ്സ് മൈക്കുമായി സ്റ്റേജിൽ ഓടിനടന്നുവേണം പ്രസംഗിക്കാൻ. ഓട്ടത്തിന്റെ സ്പീഡ് കൂടുന്നതനുസരിച്ച് ഉണർവ്വും കൂടും. ഈ വിദ്യ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ള വിദ്വാനാണ് കെ.എ.ഏബ്രഹാം. ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിൽ അവറാൻ ഈ വിധത്തിൽ ഉണർവ്വുണ്ടാക്കുന്ന ദൃശ്യങ്ങൾ നേരിൽ കാണാവുന്നതാണ്. ഭൂരിപക്ഷം ഉണർവ്വുപ്രസംഗകരുടേയും മാസ്റ്റർ പീസ് സ്റ്റേജിലൂടെയുള്ള ഓട്ടമാണെന്ന വസ്തുത മറച്ചു വച്ചിട്ടു കാര്യമില്ല.

ഉണർവ്വു പ്രസംഗകർ ആകാൻ ആഗ്രഹിക്കുന്നവർ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിഷയങ്ങളാണ് ഈ ലക്കത്തിൽ വിശദീകരിച്ചത്. ഇതുവരെ പറഞ്ഞതു കൂടാതെ മറ്റു പലതും പഠിക്കേണ്ടതുണ്ട്. ഭാഷ, പ്രാസം, പാട്ട്, പ്രവചനം, രോഗശാന്തി, പേരുവിളിക്കൽ തുടങ്ങി നിരവധി അഭ്യാസങ്ങളുണ്ട്. അവയേക്കുറിച്ചുകൂടി പഠിക്കാതെ ഉണർവ്വുപ്രസംഗകനാകാൻ പറ്റില്ല. അത്തരം കാര്യങ്ങൾ അടുത്ത ലക്കത്തിൽ പറയാം.

RNI No. 68089 / 97
2010 January 1

THE DEFENDER

REGISTERED
KL/ALY/0031/2009-11

# രാജന്റെ ഇതിഹാസം: ഒരു തുടർക്കഥ



പത്രത്തിൽ വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളേക്കുറിച്ച് ഇന്ത്യൻ പീനൽ കോഡ് 499-ാം വകുപ്പിൽ വിശദീകരിച്ചിട്ടുണ്ട്. പ്രധാനമായി മൂന്നു കാര്യങ്ങളാണു ശ്രദ്ധിക്കേണ്ടത്:

1. വാർത്ത സത്യമാണോ?
2. പൊതുതാല്പര്യമുണ്ടോ?
3. ഉത്തമ ബോദ്ധ്യത്തോടെയാണോ പ്രസിദ്ധീകരിക്കുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്ന അതിക്രമങ്ങളേക്കുറിച്ചു വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ അതിക്രമത്തിന് ഇരയായവരുടെ പേരോ ഫോട്ടോയോ പ്രസിദ്ധീകരിക്കരുത്. ഇരയായ വ്യക്തി ആരെന്നു പൊതുജനം അറിയാനിടയാകുന്ന പരാമർശങ്ങൾ ബോധപൂർവ്വം ഒഴിവാക്കണം. സൂര്യനെല്ലി പെൺകുട്ടി, വിതുര പെൺകുട്ടി എന്നൊക്കെ മാത്രം പത്രങ്ങൾ എഴുതാൻ കാരണം ഇതാണ്.

ഈ വിഷയങ്ങളൊക്കെ ഇവിടെ എഴുതാൻ കാരണമുണ്ട്. രാജൻ തറയശ്ശേരിയേപ്പോലുള്ള നീചൻമാരേക്കുറിച്ച് എഴുതുമ്പോൾ നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്ന് എഴുതേണ്ടതായി വരുന്നു. അതുകൊണ്ട് പലതും തുറന്നു പറയാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. ഇവൻ പീഡിപ്പിച്ചിട്ടുള്ളതും പീഡിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളതുമായ പെൺകുട്ടികളേക്കുറിച്ചു വിശദമായി എഴുതിയാൽ അവർ ആരൊക്കെ എന്നു പൊതുജനമറിയും. അതു നിയമലംഘനമാകുമെന്നു മാത്രമല്ല, ഗുണത്തേക്കാളേറെ ദോഷവും ചെയ്യും. അതുകൊണ്ടാണ് ഞങ്ങൾ പലതും തുറന്നു പറയാൻ മടിക്കുന്നത്.

അബുദാബിയിലുള്ള ഏക നീചൻ രാജനാണ് എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. രാജനോടൊപ്പമുള്ള പലരും രാജനേപ്പോലെതന്നെയുള്ള നീചൻമാരാണ്. രാജന്റെ എതിർപക്ഷത്തുള്ള വിദ്വാൻമാരിൽ ചിലരും മേല്പടിതന്നെ. പക്ഷേ ഇവരിൽ ഭൂരിപക്ഷവും സാധാരണക്കാരായ വിശ്വാസികളാണ്. അതുകൊണ്ടു പൊതുതാല്പര്യം കുറവാണ്. രാജനും സാധാരണ വിശ്വാസിയായിരുന്നെങ്കിൽ ഈ ലേഖന പരമ്പര എഴുതേണ്ടതായി വരുമായിരുന്നില്ല.

അബുദാബിയിലുള്ള 26 സഭകൾ അംഗങ്ങളായ എം.സി.സിയുടെ സെക്രട്ടറിയായി രാജൻ തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് രാജന്റെ വൃത്തികേടുകൾ പൊതുതാല്പര്യമുള്ള വിഷയമായത്. രാജൻ ഈ പദവി വിട്ടൊഴിയുന്നതോടെ ഈ പ്രശ്നത്തിന്റെ പൊതുപ്രാധാന്യവും അവസാനിക്കും. ഇപ്പോൾ സാധാരണ വിശ്വാസികളായിരിക്കുന്ന നീചൻമാരിൽ ആരെങ്കിലും നേതൃസ്ഥാനത്തു വന്നാൽ അവരേക്കുറിച്ച് ഡിഫെൻഡർ എഴുതേണ്ടതായും വരും. ഇങ്ങനെ, തികച്ചും നിയമാനുസൃതമുള്ള പത്രപ്രവർത്തനമാണ് ഡിഫെൻഡർ ചെയ്യുന്നത്.

രാജൻ പരമ നീചനാണെങ്കിലും ഇവൻ എം.സി.സിയുടെ സെക്രട്ടറിയായ ഉടൻ ഇവനെതിരെ ഡിഫെൻഡർ എഴുതാൻ തുടങ്ങിയില്ല എന്നതും ശ്രദ്ധേയമാണ്. രാജനെ എം.സി.സിയുടെ സ്ഥിരം സെക്രട്ടറിയായല്ല കേവലം ഒരു വർഷത്തേക്കുള്ള സെക്രട്ടറിയായിട്ടാണു തെരഞ്ഞെടുത്തത്. ആ ചുരുങ്ങിയ കാലം കഴിയുമ്പോൾ ഇവനേക്കൊണ്ടുള്ള ശല്യം തീരും. പക്ഷേ സെക്രട്ടറി ആയിരിക്കുന്ന ഈ ചുരുങ്ങിയ കാലം കൊണ്ട് രാജൻ പരമാവധി തിൻമകൾ ചെയ്യാൻ പദ്ധതിയിടുന്നു എന്നു വ്യക്തമായപ്പോൾ ഡിഫെൻഡറിനു പ്രതികരിക്കേണ്ടതായി വന്നു. അങ്ങനെയാണ് ഈ ലേഖന പരമ്പര എഴുതാൻ ഇടയായത്.

രാജനോടു രാജിവച്ചൊഴിയാൻ ആവശ്യപ്പെടുകയാണു ഡിഫെൻഡർ ആദ്യം ചെയ്തത്. അതനുസരിച്ചു രാജൻ രാജി വച്ചിരുന്നെങ്കിൽ രാജന്റെ തോന്ന്യാസങ്ങൾ ലോകം അറിയുന്നത് ഒഴിവാക്കാമായിരുന്നു. പക്ഷേ അതിനുള്ള ബുദ്ധി രാജനുണ്ടായില്ല.

രാജന്റെ ഹീനകൃത്യങ്ങളിൽ ചിലത് കഴിഞ്ഞ ലക്കങ്ങളിൽ വിവരിച്ചു. ഇനി പറയാൻ ഏറെയുണ്ട്. ശാരോനിലെ അംഗമായ ഒരു സ്ത്രീയുമായി രാജനുള്ള അവിഹിതബന്ധത്തേക്കുറിച്ചു ഡിഫെൻഡർ വിശദീകരിച്ചാൽ അവിവാഹിതയായ ആ സ്ത്രീയുടെ ഭാവി ഇരുളടഞ്ഞതാകും. അതുകൊണ്ട് ആ കഥ പറയുന്നില്ല.

ഇപ്പോൾ രാജന്റെ ആത്മസുഹൃത്തായിരിക്കുന്ന ഒരാളുടെ ഭാര്യയെ കഴിഞ്ഞവർഷം രാജൻ ഫോണിൽ വിളിച്ചു നിരന്തരം ശല്യപ്പെടുത്തിയിരുന്നു. ശല്യം സഹിക്കവയ്യാതായപ്പോൾ ആ സ്ത്രീ ഭർത്താവിനെ വിവരം ധരിപ്പിച്ചു. ഭർത്താവു രാജന്റെ കഴുത്തിന്റെ അളവു പരിശോധിക്കുകയും ചെയ്തു. പക്ഷേ ഇന്ന് ഈ മനുഷ്യൻ അതെല്ലാം മറന്നു രാജന്റെ വലംകൈയായി പ്രവർത്തിക്കുന്നു. ഇവന്റെ കയ്യിലിരുപ്പും അത്ര ശരിയല്ല എന്നതുതന്നെ കാരണം. രാജന്റെ സഹായത്തോടെ ഏതെങ്കിലും അധികാരസ്ഥാനങ്ങളിൽ കയറിപ്പറ്റാമെന്ന പ്രതീക്ഷയും ഇയാൾക്കുണ്ട്.

ഏതു പ്രായത്തിലുള്ള സ്ത്രീകളോടും രാജൻ അപമര്യാദയായി പെരുമാറുമെങ്കിലും കുട്ടികളിലാണ് ഇവന്റെ സ്പെഷ്യലൈസേഷൻ. കുട്ടികളെ കൈയ്യിൽ കിട്ടാനായി ഇവൻ എന്തു തന്ത്രവും പ്രയോഗിക്കും. ക്വയർ ലീഡറാകാനുള്ള ഒരവസരവും ഇവൻ പാഴാക്കില്ല. പക്ഷേ രാജന്റെ കൈയ്യിലിരുപ്പെന്തെന്ന് അബുദാബിയിലുള്ള ഭൂരിപക്ഷം ആളുകൾക്കും ഇപ്പോൾ അറിയാവുന്നതുകൊണ്ട് ക്വയർ പരിപാടി ഇനി നടക്കുമെന്നു തോന്നുന്നില്ല. പതിമ്മൂന്നു വയസ്സോ അതിൽ കൂടുതലോ ഉള്ള കുട്ടികൾക്കായി ഒരു ഡാൻസ് ക്ലാസ്സ് നടത്താനുള്ള ശ്രമവും രാജൻ ചില വർഷങ്ങൾക്കു മുൻപു നടത്തിയിരുന്നു. കമ്പിവാദ്യങ്ങൾ, കുച്ചിപ്പുടി എന്നിവയിൽ വിദഗ്ദ്ധനാണു രാജനെന്നും ഫൈൻ ആർട്സിൽ എം.എയുണ്ടെന്നും മറ്റും നോട്ടീസിൽ വിശദീകരിച്ചിരുന്നു.

മൂന്നു മാസം കൂടി കഴിയുമ്പോൾ രാജന്റെ സെക്രട്ടറി സ്ഥാനം തീരും. അതോടെ രാജൻ സാധാരണക്കാരനാകും. പൊതുതാല്പര്യം എന്ന കാര്യവും അതോടെ അവസാനിക്കും. ഇവൻ ഏതു തരക്കാരനാണെന്നു സുബോധമുള്ളവർക്കൊക്കെ ഇതിനോടകം മനസ്സിലായിക്കഴിഞ്ഞിട്ടുള്ളതുകൊണ്ട് രാജൻ ഉടനെയൊന്നും നേതൃസ്ഥാനത്ത് എത്താൻ സാദ്ധ്യതയുമില്ല. അതുകൊണ്ട് ഈ ലേഖന പരമ്പര ഇവിടെ അവസാനിപ്പിക്കുകയാണ്. രാജൻ ഭാവിയിൽ എപ്പോഴെങ്കിലും നേതൃസ്ഥാനത്ത് എത്തുകയോ മറ്റേതെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുകയോ ചെയ്താൽ അപ്പോൾ വീണ്ടും ഇവനേക്കുറിച്ച് എഴുതുന്നതാണ്. (എ.ജിയിലെ പാസ്റ്ററായ കെ.ജെ. ജോർജ് രാജി വയ്ക്കുന്നില്ലെങ്കിൽ അടുത്ത ലക്കം മുതൽ അയാളുടെ കഥ പറയാം).

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.
വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.
പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan